മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 06 No. 12 THE ONLINE OFFICIAL NEWS BULLETIN 2023 March 25

SEASON OF GREAT LENT | വലിയ നോമ്പുകാലം | ܙܒܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
26 Samyo (Blind Man) 6th Sunday of Great Lent Catholicate Day ♪6	27 ♪2 Ushane (Osana) Monday	28 ♪6 Ushane (Osana) Tuesday	29 ♪2 Ushane (Osana) Wednesday	30 ♪6 Ushane (Osana) Thursday	31 ♪2 ✝erubto d-arbin 40th Day of Great Lent	1 Nuhome d l'ozar Comme. of St. Lazar of Bethany ♪8 Lazarus' Saturday



അശരണരെ ചേർത്തു പിടിക്കണം: പരിശുദ്ധ കാതോലിക്കാ ബാവ

കോലഞ്ചേരി: ജാതിമത ഭേദമന്യേ സമൂഹത്തിന്റെ വിവിധ തുറകളിലുള്ള അശരണരായവരെ ചേർത്ത് പിടിക്കുവാനുള്ള കടമയും ഉത്തരവാദിത്വവും സഭക്കുണ്ടെന്ന് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിവാഹ ധനസഹായ വിതരണ ഉദ്ഘാടനം കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദൈവരാജ്യം പ്രാവർത്തികമാകുന്നത് സഹായത്തിന് ആവശ്യമുള്ളവരെ കരുതുമ്പോഴാണ് . അതിനുള്ള മനസ്സ് എല്ലാവർക്കുമുണ്ടാകണമെന്നും നമ്മുടെ ചുറ്റുപാടും പ്രയാസം അനുഭവിക്കുന്നവരെ സഹായിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സഭാമക്കൾ മുന്നിട്ടിറങ്ങണമെന്നും പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ബോധിപ്പിച്ചു. വിവാഹ സഹായ സമിതി പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് അദ്ധ്യക്ഷത വഹിച്ചു. അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. ജോസ് തോമസ്, വിവാഹ സഹായ സമിതി കൺവീനർ എ. കെ. ജോസഫ്, തുടങ്ങിയവർ പ്രസംഗിച്ചു.



ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വാർദ്ധക്യത്തിലും രോഗാവസ്ഥയിലും ആയിരിക്കുന്നവർക്കായി തൈലാഭിഷേക ശുശ്രൂഷ (പൊതുവായി) നടത്തപ്പെട്ടു. ശുശ്രൂഷയ്ക്ക് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ കാർമ്മികത്വം വഹിച്ചു.



ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപോലീത്തൻ പള്ളിയിൽ നടന്ന മാർ ജോസഫ് പൗവത്തിൽ അനുസ്മരണ യോഗത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവ മുഖ്യ പ്രഭാഷണം നടത്തി.

പൗവത്തിൽ പിതാവ് മലങ്കരസഭയുമായി ആത്മബന്ധം പുലർത്തി

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ

പൗവത്തിൽ പിതാവിന്റെ വിയോഗത്തിൽ ആദരവോടെ അനുശോചനം അറിയിക്കുന്നു. ആത്മീയരംഗത്തും ഭരണരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച സവിശേഷമായ വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. മലങ്കര ഓർത്തഡോക്സ് സഭയുമായി ആത്മബന്ധം പുലർത്തിയ ആത്മീയ ആചാര്യനും സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ ആശ്രയവും കൈത്താങ്ങും നൽകുന്നതിൽ ശ്രദ്ധാലുവുമായിരുന്നു. കേരള ക്രൈസ്തവ സമൂഹത്തിൽ സൗമ്യതയുടെ മുഖമുദ്രയായി പരിലസിച്ചിരുന്ന പിതാവായിരുന്നു പൗവത്തിൽ തിരുമേനി. അതേ സമയം തന്നെ സാമൂഹിക പ്രതിബദ്ധതയുള്ള ഒരു ആത്മീയ ആചാര്യൻ ആയിട്ടും അദ്ദേഹം പ്രശോഭിച്ചു വിദ്യാഭ്യാസ മേഖലകളിൽ അദ്ദേഹത്തിന്റെ നിലപാടും വാക്കുകളും ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്, അദ്ദേഹത്തിന്റെ വിയോഗം ആത്മീയ കേരളത്തിന് തീരാനഷ്ടമാണ്.



വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളിയിലെ പാതി നോമ്പ് ശുശ്രൂഷകൾക്ക് ഇടവകാംഗം കൂടി ആയ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നേതൃത്വം നൽകി.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ലേഖനം

പരിശുദ്ധാത്മാവിന്റെ കിന്നരമായ മാർ അപ്രേം

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

സുറിയാനി സഭാപിതാക്കന്മാരുടെ പട്ടികയിൽ ഏറ്റവും പ്രധാനിയും ആത്മീയ കവിയും മല്പാനും മഹാനുമായ പിതാവാണ് സുറിയായിലെ മാർ അപ്രേം. "പരിശുദ്ധാത്മാവിന്റെ കിന്നരം" എന്നു വിശേഷിപ്പിക്കപ്പെടുന്ന അദ്ദേഹത്തിന്റെ പാട്ടുകൾ എല്ലാ പൗരസ്ത്യ സഭകളും ഇന്നുവരെയും തങ്ങളുടെ ആരാധനാ ഗീതങ്ങളായി ഉപയോഗിക്കുന്നു. ഓരോ ക്രൈസ്തവന്റെ നാവിലും മാർ അപ്രേമിന്റെ പാട്ടുകളിൽ ഒരെണ്ണമെങ്കിലും ഉണ്ടായിരിക്കും എന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

മാർ അപ്രേമിന്റെ ജനനം

മാർ അപ്രേമിന്റെ മാതാപിതാക്കൾ, ജന്മദേശം, ജനനത്തീയതി എന്നിവയെക്കുറിച്ചൊന്നും വ്യക്തമായ അറിവ് ലഭ്യമല്ല. ഏ. ഡി. 306 –ലോ അതിനോടടുത്ത വർഷങ്ങളിലോ മെസൊപൊത്താമിയായിൽ റോമാ സാമ്രാജ്യത്തിന്റെ അതിർത്തി പ്രദേശമായ നിസിബിസ് എന്ന പട്ടണത്തിലോ അതിനടുത്ത ഏതെങ്കിലും നഗരത്തിലോ അദ്ദേഹം ജാതനായി എന്നു മാത്രമേ ചിന്തിക്കാൻ കഴിയൂ. എന്നാൽ ജീവിതത്തിലെ അവസാനത്തെ പത്തു വർഷമൊഴികെ ബാക്കി സമയങ്ങളിലെല്ലാം നിസിബിസിൽ താമസിച്ചുകൊണ്ട് അവിടെ പ്രവർത്തിക്കുകയായിരുന്നു എന്നതു വ്യക്തമാണ്.

അപ്രേമിന്റെ മാതാപിതാക്കൾ ക്രൈസ്തവരായിരുന്നുവെന്നും അല്ലായിരുന്നുവെന്നും രണ്ട് അഭിപ്രായമുണ്ട്. അപ്പോളോ ദേവന്റെ ആരാധകരായി വിഗ്രഹസേവ നടത്തിയിരുന്ന മാതാപിതാക്കൾ അപ്രേമിന്റെ ജനനത്തിനു മുമ്പു തന്നെ മാമോദീസാ സ്വീകരിച്ചു ക്രൈസ്തവർ ആയി ത്തീർന്നു എന്ന ചിന്തയ്ക്കാണ് മുൻതൂക്കമുള്ളത്. അപ്രേമിന്റെ പിതാവ് പുറജാതി പുരോഹിതനായിരുന്നുവെന്നും പുറജാതി ദേവന്മാരുടെ ആജ്ഞയനുസരിച്ച് അദ്ദേഹം അപ്രേമിനെ താൻ വിഗ്രഹങ്ങളെ സേവിയ്ക്കാത്തവനും സത്യദൈവ ആരാധകനും ആകയാൽ വീട്ടിൽ നിന്നടിച്ചോടിച്ചുവെന്നും മറ്റൊരു ചരിത്രമുണ്ട്. വീട്ടിൽ നിന്ന് ഒന്നുംതന്നെ എടുക്കാതെ പുറത്തുപോയ ബാലനായ അപ്രേം ഒരു ഏകാന്ത ക്രൈസ്തവ സന്യാസിയായി ജീവിതം ആരംഭിച്ചതായും ഈ ചരിത്രം വ്യാഖ്യാനിക്കുന്നു. ഇതൊരു സാങ്കൽപിക കഥയായിരിക്കാം എന്നാണ് ആധുനിക ചരിത്രകാരന്മാരുടെ അഭിപ്രായം. എന്തായാലും ബാല്യകാലം മുതൽ അപ്രേം ക്രൈസ്തവ ശിക്ഷണത്തിൽ വളർന്നുവന്നുവെന്ന ചിന്തയ്ക്കാണ് കൂടുതൽ അംഗീകാരം ഉള്ളത്.

മാർ അപ്രേമും നിസിബിസിലെ മാർ യാക്കോബും

ആ കാലയളവിൽ നിസിബിസിലെ മെത്രാപ്പോലീത്താ മാർ യാക്കോബായിരുന്നു. മാർ അപ്രേം ബാല്യത്തിൽ തന്നെ മാർ യാക്കോബിന്റെ സ്വാധീനത്തിലാകുകയും അദ്ദേഹത്തിന്റെ പരിലാളനയിൽ വളരുകയും ചെയ്തു. മഹാ വിശുദ്ധനും ആത്മസമർപ്പണമുള്ളവനുമായ മാർ യാക്കോബിന്റെ സന്മാതൃകകൾ മാർ അപ്രേം അനുകരിച്ചുവന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ ബാലപാഠം മുതൽ വേദഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾ വരെ അപ്രേമിനെ അദ്ദേഹം പഠിപ്പിച്ചു. 18 –ാം വയസിൽ മാർ അപ്രേം മാർ യാക്കോബിൽ നിന്ന് മാമോദീസാ സ്വീകരിച്ചു എന്നതാണ് അംഗീകരിക്കപ്പെട്ടിരിക്കുന്ന അഭിപ്രായം. വി. വേദപഠനത്തിലും സുറിയാനി പഠനത്തിലും അതിസമർത്ഥനായ മാർ അപ്രേമിനെ മാർ യാക്കോബ് ശെമ്മാശ്ശനാക്കുകയും തന്റെ സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. അങ്ങനെ മാർ യാക്കോബിനോടൊത്ത് അദ്ദേഹത്തിന്റെ സെക്രട്ടറിയായി മാർ അപ്രേമിന് നിഖ്യാ സുന്നഹദോസിൽ (A.D. 325) പങ്കെടുക്കുവാൻ സാധിച്ചു. മാർ യാക്കോബിന്റെ മരണംവരെ മാർ അപ്രേം അദ്ദേഹത്തിന്റെ



സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടു വിവിധ സഭാ പ്രവർത്തനങ്ങളിൽ പങ്കാളിയായി.

മാർ അപ്രേം മൽപാനാകുന്നു

അപ്രേമിന്റെ ബുദ്ധിസാമർത്ഥ്യം, സുകൃതജീവിതം എന്നിവയിൽ മതിപ്പു തോന്നിയ മാർ യാക്കോബ് അദ്ദേഹത്തെ തന്റെ മേൽനോട്ടത്തിൽ നടത്തിവന്നിരുന്ന നിസിബിസിലെ വേദശാസ്ത്രവിദ്യാലയത്തിലെ അദ്ധ്യാപകനായി നിയമിച്ചു. കഠിനമായ പരിശ്രമത്താലും ശരിയായ പഠനത്താലും കാലക്രമേണ അപ്രേം അവിടുത്തെ പ്രധാന മൽപാനായി മാറി. ഏകദേശം 39 വർഷം അപ്രേം അവിടെ ആ നിലയിൽ സേവനം അനുഷ്ഠിച്ചു. വേദഗ്രന്ഥങ്ങൾ പഠിപ്പിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക, വേദവിപരീതങ്ങളോടു ശക്തിയായി പ്രതികരിക്കുക തുടങ്ങിയവയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ജോലികൾ. നിസിബിസിലെ വിദ്യാലയത്തിൽ അദ്ധ്യാപകനായിരിക്കുമ്പോൾ തന്നെ ഒരു സന്യാസിയുടെ കഠിനവും കർക്കശവുമായ ജീവിതശൈലി അദ്ദേഹം സ്വീകരിച്ചു. പിന്നീട് ഏകാന്ത സന്യാസജീവിതത്തിന്റെ ഉത്തമമാതൃകയായി അദ്ദേഹം പ്രശോഭിച്ചു. തികച്ചും ലളിതമായ ഭക്ഷണക്രമവും വസ്ത്രധാരണ ശൈലിയുമായിരുന്നു അദ്ദേഹത്തിന്റേത്. ഏകാന്തസന്യാസത്തിനിടയിലും തന്റെ ചുറ്റുമുള്ള സമൂഹത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി ക്രിയാത്മകമായി പ്രതികരിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

പേർഷ്യായിലെ രാജാവായ സാപ്പോർ രണ്ടാമൻ ഏ. ഡി. 338, 346, 350 വർഷങ്ങളിൽ നിസിബിസിനെ ആക്രമിക്കുകയും ഏ. ഡി. 363 –ൽ നിസിബിസ് പട്ടണം പിടിച്ചെടുക്കുകയും ചെയ്തു. സാപ്പോർ രണ്ടാമന്റെ പീഡയുടെ ഫലമായി മാർ അപ്രേം ഉൾപ്പെടെ അനേക ക്രൈസ്തവർ നിസിബിസ് വിട്ടു എഡേസ്സാ (ഉറഹാ) യിലേക്കു കുടിയേറിപ്പാർത്തു. നിസിബിസിലെ മതപഠന വിദ്യാലയം ഉറഹായിലേക്കു മാറ്റി സ്ഥാപിക്കുകയും അതിനെ

പൗരസ്ത്യദേശത്തെ ഏറ്റവും വലിയ സുറിയാനി പഠനകേന്ദ്രമാക്കി മാറ്റുകയും ചെയ്തു. ഏ. ഡി. 373 –ൽ അപ്രേം മരിക്കുന്നതുവരെ അവിടെയാണ് താമസിച്ചത്. ജനങ്ങളെ പഠിപ്പിക്കുന്നതിനും കൃതികൾ രചിക്കുന്നതിനും ബദ്ധശ്രദ്ധനായിരുന്ന അദ്ദേഹത്തിന്റെ കൃതികളിൽ ഭൂരിഭാഗവും അവിടെവച്ചാണ് എഴുതപ്പെട്ടത്.

മാർ അപ്രേം ഒരു ശെമ്മാശനായിരുന്നു എന്നത് എല്ലാവരും അംഗീകരിക്കുന്നു. എന്നാൽ അദ്ദേഹത്തിന് ശെമ്മാശ്ശപട്ടം ലഭിച്ചതിനെക്കുറിച്ച് വ്യത്യസ്തമായ രണ്ട് അഭിപ്രായങ്ങൾ നിലവിലുണ്ട്. ഒന്നാമത്തെ അഭിപ്രായമനുസരിച്ച് കൈസറിയായിലെ വലിയ മാർ ബസേലിയോസിന്റെ മാഹാത്മ്യം ദൈവിക ദർശനത്താൽ ഗ്രഹിച്ച മാർ അപ്രേം, കൈസറിയായിലെത്തി അദ്ദേഹത്തെ സന്ദർശിച്ചുവെന്നും തദവസരത്തിൽ ബസേലിയോസ് അപ്രേമിന്റെ ജീവിതവിശുദ്ധി മനസ്സിലാക്കി അദ്ദേഹത്തിന് വൈദികനായി പട്ടം നൽകുവാൻ ആഗ്രഹിച്ചുവെന്നും വിനയത്താൽ അപ്രേം അതു നിരസിച്ചതുകൊണ്ട് അദ്ദേഹത്തെ ഒരു ശെമ്മാശ്ശനാക്കി ഉയർത്തി മാർ ബസേലിയോസ് തൃപ്തിപ്പെട്ടു എന്നുമാണ്. സമകാലീനർ എന്ന നിലയിലും സന്യാസിനികൾ എന്ന നിലയിലും സത്യവിശ്വാസ സംരക്ഷകർ എന്ന നിലയിലും മാർ അപ്രേമും മാർ ബസേലിയോസും പരസ്പരം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു.

രണ്ടാമത്തെ അഭിപ്രായം അനുസരിച്ച് മാർ അപ്രേമിനു മാമോദീസാ നൽകിയ നിസിബിസിലെ മാർ യാക്കോബു തന്നെയാണ് അദ്ദേഹത്തെ ശെമ്മാശ്ശനാക്കിയത് എന്നാണ്. മാർ യാക്കോബ് അദ്ദേഹത്തെ തന്റെ സെക്രട്ടറിയാക്കിയതും നിഖ്യാ സുന്നഹദോസിൽ സംബന്ധിക്കുവാൻ കൂടെക്കൊണ്ടുപോയതും അതുകൊണ്ടാണ്. കൂടാതെ ദൈവജനത്തിനുവേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ മാർ യാക്കോബ് മാർ അപ്രേമിനെ നിയമിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങൾ, മതാദ്ധ്യാപനം എന്നിവ നടത്തുക, മാമോദീസാ നൽകുക, ആരാധനയ്ക്കായി സജ്ജീകരണങ്ങൾ ചെയ്യുക, ദിവ്യബലിയിൽ കാർമ്മികനെ സഹായിക്കുക തുടങ്ങി നിരവധി കാര്യങ്ങൾ അപ്രേം ശെമ്മാശ്ശന്റെ കർത്തവ്യങ്ങളായിരുന്നു.

മാർ അപ്രേമിന്റെ ജീവിതാവസാനം

ഒരു അദ്ധ്യാപകനായിരിക്കുമ്പോൾ തന്നെ, ഏകാന്തവാസിയായ സന്യാസിയുടെ കഠിനവും കർക്കശവുമായ ജീവിതശൈലി കാത്തുസൂക്ഷിച്ച ആളാണ് മാർ അപ്രേം. സന്യാസത്തിനിടയിലും സാമൂഹിക പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവയ്ക്ക് പരിഹാരം കാണുവാനും അദ്ദേഹം ശ്രമിച്ചിരുന്നു. എഡേസായിലുണ്ടായ കഠിനമായ ക്ഷാമവും അതിനെത്തുടർന്നുണ്ടായ രോഗങ്ങളും നിവാരണം ചെയ്യുന്നതിനുവേണ്ടി അപ്രേം കഠിനമായി യത്നിച്ചു. ധനവാന്മാരായ ആളുകളുടെ ഔദാര്യം പരമാവധി ഉപയോഗിച്ച് അവരിൽ നിന്നു ഭക്ഷ്യസാധനങ്ങൾ ശേഖരിച്ചു പാവങ്ങൾക്കു നൽകി അവരുടെ പട്ടിണി മാറ്റുവാൻ അദ്ദേഹം മുൻകൈയെടുത്തു. രോഗികളെ ശുശ്രൂഷിക്കുകയും മരിച്ചവരെ യോഗ്യമായ രീതിയിൽ സംസ്കരിക്കുകയും ചെയ്തു. പക്ഷേ ഈ ജീവിതം അദ്ദേഹത്തിന്റെ ആരോഗ്യത്തിനു കനത്ത ആഘാതം ഏൽപിച്ചു. രോഗബാധിതനായ അദ്ദേഹം ഏ. ഡി. 373 –ൽ ദിവംഗതനായി.

വലിയ മല്പാനായി ശോഭിക്കുന്ന അപ്രേമിന്റെ ഓർമ്മ പൗരസ്ത്യ ദേശങ്ങളിൽ ജൂൺ 18, ജനുവരി 28 തീയതികളിൽ ആചരിച്ചുവരുന്നു. റോമൻ കത്തോലിക്കാ സഭകൾ ഇപ്പോൾ ജൂൺ 9, 18 തീയതികളാണ് ആചരിക്കുന്നത്. മലങ്കരസഭ അദ്ദേഹത്തെ വലിയനോമ്പിലെ ഒന്നാമത്തെ ശനിയാഴ്ചയിൽ പ്രത്യേകമായി ഓർക്കുന്നു.

മാർ അപ്രേമിന്റെ കൃതികൾ

വിവിധ വിഷയങ്ങൾ സംബന്ധിച്ചു നിരവധി ഗ്രന്ഥങ്ങൾ ഗദ്യത്തിലും പദ്യത്തിലും മാർ അപ്രേം രചിച്ചിട്ടുണ്ട്. പദ്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം ലഭിച്ചിട്ടുള്ളത്. ദൈവദത്തമായി ലഭിച്ച ഭാഷാശൈലിയും രാഗമാധുരിയും വേദശാസ്ത്ര ജ്ഞാനവും കൊണ്ട് സമ്പുഷ്ടമായ സാഹിത്യ സൃഷ്ടികൾ നടത്തുവാൻ ഈ പിതാവിനു കഴിഞ്ഞു. സഭാവിശ്വാസ സത്യങ്ങളെക്കുറിച്ചു ക്രമാനുഗതമായും ശാസ്ത്രീയമായും പ്രതിപാദിക്കുക എന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നില്ല. സത്യവിശ്വാസത്തിനെതിരെ പല തെറ്റായ പഠിപ്പിക്കലുകളും ചിന്താഗതികളും പ്രചാരത്തിൽ ഉണ്ടായിരുന്ന കാലഘട്ടമായതിനാൽ സഭാമക്കൾക്ക് അവയുടെ കാപട്യങ്ങൾ വെളിപ്പെടുത്തിക്കൊടുത്തു സത്യവിശ്വാസത്തിൽ അവരെ ഉറപ്പിക്കുവാനും വേദവിപരീതങ്ങളോടു എതിർക്കുവാൻ സജ്ജരാക്കുവാനും മാർ അപ്രേം ലക്ഷ്യമിട്ടു. താൻ ജീവിക്കുന്ന കാലത്തിന്റെ ആവശ്യത്തിനനുസരിച്ച് സഭയിലെ ശെമ്മാശ്ശൻ, മല്പാൻ എന്ന നിലയിൽ ദൈവീകമായി ഉത്തരവാദിത്തം നിറവേറ്റുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് മാർ അപ്രേം തന്റെ ഗ്രന്ഥങ്ങൾ മുഴുവനും രചിച്ചിട്ടുള്ളത്.

ഗദ്യത്തിലുള്ള കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് മാണി, മാർക്കിയാനോസ്, ബർദൈസാൻ തുടങ്ങിയ വേദവിപരീതികൾക്കെതിരെ എഴുതിയിട്ടുള്ള ഗ്രന്ഥമാണ്. സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങളായ വി. ത്രിത്വവും മനുഷ്യാവതാരവും യേശുക്രിസ്തുവിന്റെ മനുഷ്യത്വവും ദൈവത്വവും ഒക്കെ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. പിന്നെയുള്ളത് വേദപുസ്തക വ്യാഖ്യാനങ്ങളാണ്. അവയിൽ പ്രധാനം ഉൽപ്പത്തി, പുറപ്പാടു പുസ്തകങ്ങളെക്കുറിച്ചുള്ളവയാണ്. ഉൽപ്പത്തി 1 മുതൽ 6 വരെയുള്ളവ വളരെ വിശദമായും ബാക്കിയുള്ളവ ലഘുവായും വിവരങ്ങൾ നൽകി വ്യാഖ്യാനിച്ചിരിക്കുന്നു. പുറപ്പാടു പുസ്തക വ്യാഖ്യാനം വളരെ ചെറുതും പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. ഈ രണ്ടു വ്യാഖ്യാനങ്ങളിലും ക്രൈസ്തവ വിശ്വാസത്തെ യഹൂദ പാരമ്പര്യങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുവാൻ മാർ അപ്രേം ശ്രമിക്കുന്നുണ്ട്. ഇവ കൂടാതെ താത്തിയാനോസു എഴുതിയ ഡയാറ്റസറോൻ സുവിശേഷത്തിന്റെ വ്യാഖ്യാനവും മാർ അപ്രേം എഴുതി. Gospel Harmony എന്ന പേരിൽ അറിയപ്പെടുന്ന ഡയാറ്റസറോൻ വേദപുസ്തകത്തിലെ നാലു സുവിശേഷങ്ങളിലേയും ഐക്യരൂപമുള്ള വാക്യങ്ങളുടെ ഒത്തുചേരൽ ആണ്. ഇതു സംബന്ധിച്ച മാർ അപ്രേമിന്റെ വ്യാഖ്യാനം നാലാം നൂറ്റാണ്ടിലെ സുറിയാനി സഭയിൽ സുവിശേഷഭാഗങ്ങൾ വിശദീകരിക്കുന്ന രീതികൾക്ക് ഒരു മാതൃകയായി. അപ്രേമിന്റെ ഡയാറ്റസറോൺ വ്യാഖ്യാനം അർമ്മേനിയൻ പരിഭാഷയിലുള്ളതാണ് ആധുനികസഭയ്ക്കു ലഭിച്ചിട്ടുള്ളത്. ആകയാൽ അതിൽ മാർ അപ്രേമിന്റേതല്ലാത്ത ചിന്തകൾ കൂടി കടന്നുകൂടിയിട്ടുണ്ടെന്നു അനുമാനിക്കാം.

തനി ഗദ്യത്തിലുള്ളതു കൂടാതെ ഗദ്യകവിതയിലും (Artistic prose) ചില പ്രബന്ധങ്ങൾ മാർ അപ്രേം രചിച്ചിട്ടുണ്ട്. അപ്പോസ്തോല പ്രവൃത്തികൾ, പൗലൂസിന്റെ ലേഖനങ്ങൾ എന്നിവയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ ഈ രീതിയിൽ എഴുതപ്പെട്ടത് അർമീനിയൻ ഭാഷയിൽ ലഭ്യമാണ്. കൂടാതെ കർത്താവിനെക്കുറിച്ചുള്ള ഒരു പ്രസംഗം, അന്ത്യ ന്യായവിധിയെക്കുറിച്ചു പുബ്ലിയോസിനെഴുതിയ ലേഖനം എന്നിവയും ഗദ്യകവിതയിൽ എഴുതപ്പെട്ടവയാണ്. അപ്രേമിന്റെ 'മെമ്രാകൾ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള പലതും ഈ വിഭാഗത്തിൽ പെടുന്നവയാണ്. വിശ്വാസത്തെ സംബന്ധിച്ച് മാർ അപ്രേമിന്റേതായി ആറു മെമ്രാകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കന്യാവ്രതം, അനുതാപം, പൗരോഹിത്യം, ദയറോയൂസോ, പറുദീസാ തുടങ്ങി പല വിഷയങ്ങളെക്കുറിച്ചും അപ്രേം മെമ്രാകൾ രചിച്ചിട്ടുണ്ട്.

മാർ അപ്രേമിന്റെ പാട്ടുകൾ ആയി ധാരാളം കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അവ പൊതുവെ മദ്രോശോ (പ്രബോധകഗാനം) എന്ന പേരിൽ അറിയപ്പെടുന്നു. മദ്രോശോകളെ ഊനീസോ (ഒന്നിനു മറുപടിയായി മറ്റൊന്ന് എന്ന രീതിയിൽ വിശ്വാസികൾ രണ്ടു ഗണമായി നിന്നു പാടുന്ന പാട്ടുകൾ), സൂഗീസോ (കീർത്തനം അഥവാ താരാട്ട്), തെശുസുഹത്തോ (സ്തോത്രഗാനം), ബോവൂസോ (പ്രാർത്ഥനാപരമായ ഗാനം) സേബൽസോ (Gradual hymns/പദവി പാട്ടുകൾ – ഏവൻഗേലിയോൻ വായനയ്ക്കു മുൻപു പാടിയിരുന്നവ) എന്നിങ്ങനെ പലതായി തിരിച്ചിട്ടുണ്ട്. വിശ്വാസം (87 മദ്രോശോകൾ), കന്യാകാത്വം (52), തിരുജനനം (28), ദനഹാ (15), സഭ (52), വേദവിപരീതങ്ങൾ (56) തുടങ്ങി പല വിഷയങ്ങളെക്കുറിച്ചും ധാരാളം മദ്രോശോകൾ അപ്രേമിന്റേതായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

മാർ അപ്രേമിന്റേതായി അംഗീകരിച്ചിട്ടുള്ള കൃതികളിൽ അധികവും ഗാനങ്ങളാണ്. വേദവിപരീതികൾ തങ്ങളുടെ പാഷാണ്ഡതകൾ പ്രചരിപ്പിക്കുവാൻ ഗാനങ്ങൾ ഉപയോഗിച്ചിരുന്നതുകൊണ്ട് സത്യവിശ്വാസം പ്രചരിപ്പിക്കുവാനും ഗാനങ്ങളാണ് ഏറ്റവും ഉചിതമെന്ന് മാർ അപ്രേം മനസ്സിലാക്കി. സഭയുടെ പ്രത്യേക പെരുന്നാളുകളിൽ ആലപിക്കുവാനും അപ്രേം പ്രത്യേക ഗാനങ്ങളുണ്ടാക്കി. വേദശാസ്ത്ര ചിന്തകൾ പദ്യത്തിലൂടെ അവതരിപ്പിക്കുവാൻ ശ്രമിച്ച മാർ അപ്രേം തന്റെ ഗദ്യകൃതികളിൽ പോലും കാവ്യാത്മകത കലർത്തി. ഗൗരവമേറിയ വിഷയങ്ങൾ ഗദ്യത്തിലെഴുതിയിരുന്ന കാലത്ത് പദ്യത്തിലൂടെയും അവ അവതരിപ്പിക്കാനാകുമെന്ന് അദ്ദേഹം തെളിയിച്ചു. എല്ലാ ക്രൈസ്തവ ആരാധനാക്രമങ്ങളിലെ പ്രാർത്ഥനകളിലും ഗാനങ്ങളിലും മാർ അപ്രേമിന്റെ സ്വാധീനം ഉണ്ടെന്നതു സംശയരഹിതമായ വസ്തുതയാണ്. ❑

വിശുദ്ധ രഹസ്യങ്ങൾ

മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ



ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

അദ്ധ്യായം പന്ത്രണ്ട്


പട്ടക്കാരൻ വീണ്ടും പറയുന്നു, **അവൻ സ്വന്ത ഇഷ്ടപ്രകാരം മരണം സ്വീകരിക്കുവാൻ തയ്യാറായപ്പോൾ:** ആതായത്, ഇവിടെ വിശുദ്ധ രഹസ്യാത്മകമായ സംഭവങ്ങളെപ്പറ്റി വിവരിച്ചുകൊണ്ട് നമ്മുടെ കർത്താവ് ആചാര്യത്വപരമായി മാളിക മുറിയിൽ വച്ച് പൂർത്തീകരിച്ച ബലിയേക്കുറിച്ച് അനുസ്മരിക്കുന്നു. അവൻ നമുക്കുവേണ്ടി തന്നത്താൻ ഏൽപ്പിച്ചു കൊടുക്കുന്ന ആ സന്ധ്യ വന്നപ്പോൾ, പഴയനിയമ പെസഹായും, തന്റെ മഹാപുരോഹിത ക്രമവും പൂർത്തീകരിക്കുകയും ചെയ്തതിനു ശേഷം തന്റെ ശ്ലീഹന്മാർക്ക് ഈ ശുശ്രൂഷ ഏൽപ്പിച്ചു കൊടുത്തു.

അവൻ തന്റെ വിശുദ്ധ കൈകളിൽ അപ്പം എടുത്തപ്പോൾ, അതായത്, അവൻ അപ്പം എടുത്തു എന്നാൽ അവൻ ആത്മാവോടു കൂടിയ ശരീരം വിശുദ്ധ കന്യകയിൽ നിന്ന് എടുത്തു എന്നാണ് നാം അർത്ഥമാക്കുന്നത്. മറ്റു ചില കൈയെഴുത്തുപ്രതികളിൽ എഴുതിയിരിക്കുന്നത് അവൻ സ്വർഗ്ഗത്തിലേക്ക് നോക്കി: അവൻ നോക്കി എന്നതുകൊണ്ട് പിതാവിന്റെ ഇഷ്ടമാണിതെന്ന് സൂചിപ്പിച്ചു. ദൈവമേ നിന്നെ അവൻ കാണിച്ചു. അതായത്, അവൻ തന്റെ പിതാവിനെ കാണിച്ച് സ്തോത്രം ചെയ്തു കൊണ്ട് തന്റെ കാരണവും പിതാവും ആയവനോട് സംസാരിക്കുകയാണെന്നും യൂദന്മാർ വ്യാജം പറയുന്നതുപോലെ താൻ പിതാവിന്റെ എതിരാളി അല്ലെന്നും അവൻ നമ്മോട് പറയുകയാണ്.

അവൻ സ്തോത്രം ചെയ്തു: അവൻ സ്തോത്രം ചെയ്തു എന്ന വാക്കിലൂടെ നമ്മോട് അവൻ ചൂണ്ടിക്കാണിക്കുന്നത് പൗലോസ് പറഞ്ഞതുപോലെ, തന്റെ പുത്രന്റെ ഈ ലോകവ്യാപാരത്തിലൂടെ അവൻ നമുക്ക് ചെയ്ത നന്മകൾക്കുവേണ്ടി നമ്മുടെ പേർക്കാണ് അവൻ പിതാവിന് സ്തോത്രം ചെയ്തത് എന്നാണ്. ഇവിടുത്തെ ഏറ്റുപറച്ചിൽ ഒരു സമ്മതത്തിന് പകരമായിട്ടുള്ളതാണ്. തീർച്ചയായും പിതാവേ മനുഷ്യവർഗ്ഗത്തിനു വേണ്ടി കഷ്ടതയും മരണവും ഞാൻ സ്വീകരിക്കുന്നതിലൂടെ ഞാൻ നിന്റെ ഇഷ്ടം നിറവേറ്റുന്നു. ഇവിടെ ഏറ്റുപറച്ചിൽ ഒരു അപേക്ഷയോ പ്രാർത്ഥനയോ അല്ല; മറിച്ച് ഞാൻ മരണം വരിക്കണം എന്നുള്ളതിനെ സാക്ഷിക്കുകയും നിന്റെ ഇഷ്ടം പൂർത്തീകരിക്കുകയുമാണെന്നാണ് ഇവിടെ അർത്ഥമാക്കുന്നത്.

അവൻ വാഴ്ത്തി: അവൻ വാഴ്ത്തി എന്നതുകൊണ്ട് നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു, നിന്റെ ഫലവും വാഴ്ത്തപ്പെട്ടതാകുന്നു (ലൂക്കോ 1:42) എന്ന് ഏലിശുബാ പറഞ്ഞതു പോലെയാണ്. കൽപ്പന ലംഘനം മൂലം നമ്മുടെ കുലത്തിനുണ്ടായ ശാപം നീക്കിക്കളഞ്ഞ് അനുഗ്രഹിച്ചു എന്നാണ് അർത്ഥമാക്കുന്നത്. രണ്ടാമത്, അനുഗ്രഹിച്ചവനേക്കാൾ സ്വഭാവത്തിൽ കുറവുള്ളവനല്ല താൻ എന്നും എന്നാൽ താൻ അനുഗ്രഹിക്കുന്നവനാണെന്നും കാണിക്കുന്നു.

അവൻ ശുദ്ധീകരിച്ചു: അവൻ ശുദ്ധീകരിച്ചു എന്നത് സൂചിപ്പിക്കുന്നത്, ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന്



(യോഹ. 1:39) പറഞ്ഞിരിക്കുന്നതു പോലെ, അവൻ നമ്മുടെ പാപത്തിൽ നിന്ന് നമ്മെ ശുദ്ധീകരിച്ചു എന്നാണ്. മറ്റൊരു തരത്തിൽ, അവരെപ്രതി ഞാൻ എന്നെത്തന്നെ ശുദ്ധീകരിച്ചു (യോഹ. 17:19) എന്ന് അവൻ പറഞ്ഞതുപോലെ അവൻ നമുക്കുവേണ്ടി തന്നെത്തന്നെ ശുദ്ധീകരിച്ചു.

വീണ്ടും, **അവൻ മുറിച്ചതിലൂടെ** അവന്റെ കഷ്ടത, ക്രൂശീകരണം, കൊല, കുന്തം കൊണ്ടുള്ള കുത്തിത്തുളയ്ക്കൽ, അവന്റെ മരണം ഇവയാണ് സൂചിപ്പിക്കുന്നത്. വീണ്ടും, മുറിച്ചു എന്നതിനാൽ അവൻ തന്നത്താൻ മുറിച്ച് ബലിയർപ്പിച്ചു അവനിൽ നിന്നും പാപമോചനം ഒഴുകി എന്ന് സൂചിപ്പിക്കുന്നു. അവൻ അവർക്ക് കൊടുത്തു. അതായത്, അവൻ അവർക്ക് കൊടുത്തു എന്നതുകൊണ്ട് ദാനങ്ങൾ അവനിൽ നിന്നാകുന്നു വരുന്നത് എന്ന് സൂചിപ്പിക്കുന്നു. അവൻ സ്തോത്രം ചൊല്ലിക്കൊണ്ട് മൂന്ന് സ്ലീബാ പ്രിസ്താമേലും (അപ്പം) അപ്രകാരം പിന്നീട് കാസാമേലും വരയ്ക്കുന്നു (റൂശ്മാ ചെയ്യുന്നു). നമ്മുടെ കർത്താവ് മാളികമുറിയിൽ വച്ച് രഹസ്യങ്ങൾ പൂർത്തീകരിച്ചപ്പോൾ പറഞ്ഞ വാക്കുകൾ അവൻ പറയുന്നു. തന്റെ പിതാവിന്റെ ഇഷ്ടപ്രകാരവും പരിശുദ്ധ റൂഹായുടെ പ്രവർത്തനത്താലും സ്ലീബായുടെ റൂശ്മാ ചെയ്യുകയും പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്ന പുരോഹിതനാലും ഇപ്പോഴും അവനാകുന്നു ബലിപീഠത്തിൽ വച്ചിരിക്കുന്ന രഹസ്യങ്ങളെ വിശുദ്ധീകരിക്കുന്നത് എന്നാണ് ഇതുപ്രകാരം ചൂണ്ടിക്കാണിക്കുന്നത്. അവനല്ല ശുശ്രൂഷിക്കുന്നത് എന്നാൽ അവൻ രഹസ്യങ്ങളുടെ മേൽ ആരെ വിളിക്കുന്നുവോ അവനാകുന്നു വിശുദ്ധീകരിക്കുന്നവൻ. വീണ്ടും, സ്ലീബായുടെ റൂശ്മാ (ഹൊത്മോ) മൂലം ആദ്യത്തെ വിശുദ്ധീകരണത്തിന്റെ റൂശ്മാ (റൂശ്മാ) പ്രിസ്താ സ്വീകരിക്കുന്നു. ആ സന്ധ്യയിൽ മാളികമുറിയിൽ വച്ച് നടത്തിയ രഹസ്യാത്മകമായ കൂദാശയെ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആണ് സൂചിപ്പിക്കുന്നത്. വീണ്ടും, അത് അവന്റെ പിതാവിന്റെ ഇഷ്ടത്താലും തന്റെ റൂഹായുടെ പ്രവൃത്തിയാലും ആണ് അവൻ വച്ചിരിക്കുന്ന ദാനങ്ങളെ ശുദ്ധീകരിക്കുന്നത് എന്നാണ് സ്ലീബാകളുടെ റൂശ്മാ മൂലം ഇവിടെ സൂചിപ്പിക്കുന്നത്.

ഇവിടെ മറ്റൊരു കാര്യം കൂടെ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. അവൻ പ്രിസ്താ എടുത്ത് അൽപ്പം മാത്രം മുറിക്കുന്നു അവയെ പരസ്പരം വേർപെടുത്തി രണ്ട് ഭാഗങ്ങളാക്കുന്നില്ല. ഇവിടെ സൂചിപ്പിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത്, ക്രിസ്തു സ്കീപ്പായിൽ വച്ച് മുറിക്കപ്പെടുകയും മരിച്ച് അവന്റെ ആത്മാവ് അവന്റെ ശരീരത്തിൽ നിന്ന് വേർപിരിയുകയും ചെയ്തു. എന്നാൽ അവന്റെ ദൈവത്വം ആത്മാവിൽ നിന്നോ ശരീരത്തിൽ നിന്നോ വേർപെടുകയോ മാറിപ്പോകുകയോ ചെയ്തില്ല. എന്നാലോ അത് ആളത്വപ്രകാരവും സ്വഭാവപ്രകാരവും ശരീരത്തിലും ആത്മാവിലും ഒന്നായി നിൽക്കുകയും ചെയ്തു. അതുകൊണ്ട് പുരോഹിതൻ അത് മനസ്സിലാക്കുകയും അവൻ അപ്പം (പ്രിസ്ത) മുറിക്കുന്ന സമയം അത് ക്രമപ്രകാരം അൽപ്പം മാത്രമേ മുറിക്കാവൂ. അവയെ രണ്ടു ഭാഗങ്ങളായി പരസ്പരം വേർപിരിക്കരുത്. വചനത്തിന്റെ ആത്മാവ് അവന്റെ ശരീരത്തിൽ നിന്ന് വേർപെടപ്പെട്ടു എന്ന് സൂചിപ്പിക്കുവാനാണ് അത് മുറിക്കുകയും അത് വേർപിരിക്കാതിരിക്കുകയും ചെയ്യുന്നത്. എന്നാൽ ഭാഗങ്ങൾ പരസ്പരം വേർപിരിക്കാതെ മുറിക്കുന്നത് അവന്റെ ദൈവത്വം ആത്മാവിൽ നിന്നോ ശരീരത്തിൽ നിന്നോ വേർപിരിഞ്ഞില്ല എന്ന് സൂചിപ്പിക്കുവാനാണ്.

അവൻ തന്റെ ശിഷ്യന്മാർക്ക് കൊടുത്തിട്ട് പറഞ്ഞു, നിങ്ങൾ ഇതിൽ നിന്ന് എടുത്ത് ഭക്ഷിപ്പിൻ: അതായത്, സംശയം കൂടാതെ ശിഷ്യന്മാർ ആ ശരീരം ഭക്ഷിച്ചു. നമ്മുടെ കർത്താവ് തന്റെ ശരീരം ഭക്ഷിച്ചോ ഇല്ലയോ? നാം പറയും അവൻ അതിൽ നിന്ന് ഭക്ഷിക്കുകയും അവന്റെ രക്തത്തിൽ നിന്ന് കുടിക്കുകയും ചെയ്തു. കാരണം ഇനി മുതൽ ഞാൻ മുന്തിരിവള്ളിയുടെ ഫലത്തിൽ നിന്ന് നിങ്ങളോടുകൂടെ കുടിക്കുകയില്ല എന്ന് അവൻ പറഞ്ഞു (മർക്കോസ് 14:25, മത്തായി 26:19). മാർ അപ്രേം പറഞ്ഞു, അവന്റെ ശിഷ്യന്മാർ അവന്റെ ശരീരം ഭക്ഷിക്കുകയും അവൻ അവരോടുകൂടെ ഭക്ഷിക്കുകയും ചെയ്തു. അവർ അവന്റെ രക്തം കുടിക്കുകയും അവൻ അവരോടുകൂടെ കുടിക്കുകയും ചെയ്തു. അതേപോലെ മാർ ഈവാനിയോസ് പറഞ്ഞു, അവൻ രുചിച്ച് നോക്കിയിട്ട് അവൻ തന്റെ ശിഷ്യന്മാർക്ക് നൽകി. ഉറഹായിലെ മാർ യാക്കോബ് പറഞ്ഞു, അവൻ സത്യമായും തന്റെ ശരീരം ഭക്ഷിക്കുകയും തന്റെ രക്തത്തിൽ നിന്ന് കുടിക്കുകയും ചെയ്തു. കുറിയാക്കോസ് പാത്രിയർക്കീസും മൂശെ ബർകീഫായും അവൻ തന്റെ ശരീരത്തിൽ നിന്ന് ഭക്ഷിക്കുകയും തന്റെ രക്തത്തിൽ നിന്ന് കുടിക്കുകയും ചെയ്തു എന്ന് നമ്മെ പഠിപ്പിക്കുന്നു.

ഇതെന്റെ ശരീരമാകുന്നു: മിശിഹാ തന്റെ കൈകളിൽ എടുത്ത് വാഴ്ത്തി ശുദ്ധീകരിച്ച് തന്റെ ശരീരം എന്ന് നാമകരണം ചെയ്ത അപ്പത്തേക്കുറിച്ച് അന്വേഷിക്കുന്നത് ഉചിതമായിരിക്കും. അത് കന്യകയിൽ നിന്ന് താൻ എടുത്ത ആ ശരീരമാണോ, അതോ മറ്റേതെങ്കിലും ആണോ? നാം പറയുന്നു, അത് കന്യകയിൽ നിന്ന് എടുത്ത ശരീരവും രക്തവും ആകുന്നു. എന്നാൽ ഇത് എങ്ങനെ സാധിക്കും എന്ന് ചിലപ്പോൾ ചിലർ ചോദിച്ചേക്കാം. അതിനു കഴിയും എന്ന് നാം പറയും. ആദിയിങ്കൽ ഭൂമിയിൽ നിന്ന് മണ്ണ് എടുത്ത് അതിനെ ആദാമിന്റെ ശരീരമാക്കി മാറ്റിത്തീർത്ത വലങ്കൈ ഈ അപ്പത്തേയും മാറ്റി അതിനെ കന്യകയിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും ഉണ്ടായ വചനത്തിന്റെ ശരീരമാക്കിത്തീർത്തു. മിസ്രയീമിലെ കുഞ്ഞാടായി ശരീരം എടുത്തവൻ എബ്രായക്കാർക്ക് മിസ്രയീമിൽ നിന്നുള്ള രക്ഷക്കായി മാറിയതുപോലെ ഈ അപ്പത്തേയും മാറ്റി കന്യകയിൽ നിന്നുള്ള ശരീരമായി ആക്കിത്തീർത്തു (മാളികമുറിയിലെ ബലിയെ അനുസ്മരിക്കുന്നു). ഈ വീഞ്ഞിനെ മാറ്റി അതിനെ കന്യകയിൽ നിന്നുള്ള രക്തവും ആക്കി മാറ്റി. അതുപോലെ ഇന്നും പുരോഹിതൻ അർപ്പിക്കുന്ന അപ്പത്തേയും വീഞ്ഞിനേക്കുറിച്ചും ഉള്ള വസ്തുത അതുതന്നെയാണ്. പരിശുദ്ധാത്മാവ് കന്യകയിൽ ഇറങ്ങി അതിനെ അവളിൽ നിന്നുള്ള ശരീരം, അതായത് വചനത്തിന്റെ ശരീരവും രക്തവും ആയി സൃഷ്ടിച്ചു. അവൻ തന്നേ ബലിപീഠത്തിന്മേൽ ഇറങ്ങി അതിൽ വച്ചിരിക്കുന്ന അപ്പത്തേയും വീഞ്ഞിനേയും പട്ടക്കാരന്റെ കൈകളാലുള്ള പൂജയാലും അർപ്പണത്താലും കന്യക മറിയാമിൽ നിന്ന് എടുത്ത വചനമായ ദൈവത്തിന്റെ ശരീരവും രക്തവും ആക്കിത്തീർക്കും. വീണ്ടും മനസ്സിലാക്കുക, ആ സന്ധ്യയിൽ മാളികമുറിയിൽ അവൻ നടത്തിയത് ഒരു അത്ഭുതമാണ്. അവൻ തന്റെ ശരീരത്തിൽനിന്ന് ഭക്ഷിക്കുകയും തന്റെ ശിഷ്യന്മാർക്ക് ഭക്ഷിക്കുവാൻ കൊടുക്കുകയും ചെയ്തു. തന്റെ രക്തം കുടിക്കുകയും അവർക്ക് കുടിക്കുവാൻ കൊടുക്കുകയും ചെയ്തു. സൃഷ്ടികളുടെ ചിന്തകൾക്ക് അതീതമായിരുന്നു ആ അദ്ഭുതം. അവർക്ക് അത് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല.



അദ്ധ്യായം പതിമ്മൂന്ന്

നാം കുടിക്കുന്നത് ദൈവവചനത്തിന്റെ ശരീരവും രക്തവും ആണോ അതോ നെസ്തോറിയോസ് പറയുമ്പോലെ മറിയാമിൽ നിന്നുള്ള മനുഷ്യനാണോ എന്ന് പരിശോധിക്കുന്നത് നല്ലതാണ്. അത് ദൈവ വചനത്തിന്റെ ശരീരമാകുന്നു എന്ന് നാം പറയും. കർത്താവിന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്ന് പൗലോസ് ഇവ സാക്ഷിച്ച് പറഞ്ഞു. അവൻ വീണ്ടും പറഞ്ഞു, കർത്താവിന്റെ ശരീരം വിവേചിക്കാതെ (1 കൊരി 11:27–29). മനുഷ്യന്റേതെന്നല്ല കർത്താവിന്റെ ശരീരം എന്നും അവന്റെ രക്തം എന്നും അവൻ പറഞ്ഞത് നോക്കൂ. ദൈവം ആകുന്നവൻ കർത്താവാകുന്നു എന്ന് ദാവീദും സാക്ഷിക്കുന്നു. അവൻ പറഞ്ഞു കർത്താവല്ലാതെ മറ്റൊരു കർത്താവില്ല (സങ്കീ 18:32). അവൻ (പൗലോസ്) മനുഷ്യപുത്രന്റെ ശരീരം എന്ന് പറയുന്നു എങ്കിലും (1 കൊരി 11:29) അവനെ ഇവിടെ അവൻ ദൈവത്തിന്റെ വചനം എന്ന് വിളിക്കുന്നു. വചനം ജഡമായിത്തീർന്നതിന് ശേഷം നമ്മുടെ ഇടയിൽ വസിച്ചു (യോഹ. 1:14). ഏതെല്ലാം നാമത്തിൽ അവനെ വിളിച്ചാലും അവനെ പൂർണ്ണമായും അറിഞ്ഞിരിക്കണം. വചനം എന്നു വിളിച്ചാലും അവൻ മനുഷ്യപുത്രൻ ആകുന്നു. ശരീരം എന്നു വിളിച്ചാലും അവൻ ദൈവമാകുന്നു. അതായത് നാം മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുന്നു. അവൻ ദൈവപുത്രനും ആകുന്നു. ക്രിസ്തു തന്റെ ശരീരം ഭക്ഷിക്കുവാനും അവന്റെ രക്തം കുടിക്കുവാനും തന്നപ്പോൾ ദൈവം അവനിൽ വസിച്ച മനുഷ്യനായിരുന്നില്ല അവൻ. എന്നാലോ യാതൊരു വ്യത്യാസവും കൂടെ മനുഷ്യനായ ദൈവമാണ് അവൻ.

മനുഷ്യൻ അവന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുമെന്ന് പ്രകൃതി നിയമിച്ചിട്ടുമില്ല തിരുവെഴുത്തിൽ പഠിപ്പിച്ചിട്ടുമില്ല. അവന്റെ നാളുകൾ പുല്ലിനെപ്പോലെ ആയിരിക്കെ (സങ്കീ. 103:15) മനുഷ്യന് എങ്ങനെ നിത്യജീവൻ നൽകുവാൻ കഴിയും? എന്നാൽ ദൈവമായ ക്രിസ്തു മനുഷ്യനായി തീർന്നു. ചിലപ്പോൾ അവന്റെ ദൈവത്വത്തെയാണ് നാം ഭക്ഷിക്കുന്നത് എന്ന് യേശു പറയുന്നത് അവന്റെ മനുഷ്യാവതാരത്തെക്കുറിച്ചാണ്. ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പമാകുന്നു (യോഹ. 6:51) എന്നും, ആരെങ്കിലും ഈ അപ്പത്തിൽ നിന്ന് ഭക്ഷിച്ചാൽ (യോഹ. 6:54) നാം അവന്റെ ശരീരം ഭക്ഷിക്കുന്നു എന്നും ചിലപ്പോൾ അവൻ പറയുന്നു. അവൻ പറഞ്ഞതുപോലെ, മനുഷ്യപുത്രന്റെ ശരീരം നിങ്ങൾ ഭക്ഷിക്കാതിരുന്നാൽ എന്നോ ഭക്ഷിക്കുന്ന നാമെല്ലാവരും എന്നോ ചിലപ്പോൾ അവൻ പറയുന്നു. അവൻ ഇപ്രകാരം പറയുന്നു എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും (യോഹ. 6:57). അവന്റെ ശരീരവും രക്തവും ആത്മീയ ആഹാരമാകുന്നു. ജീവൻ അതിൽ മറഞ്ഞിരിക്കുന്നു. നാം കൊടുക്കുന്ന ശാരീരിക ആഹാരം (ശരീരത്തെ) തൃപ്തിപ്പെടുത്തുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. നാം ഈ ആത്മീയ (ആഹാരത്തിൽ നിന്ന്) അൽപ്പമായും ഭാഗീകമായും (ഭക്ഷിക്കുന്നു). ശാരീരിക ഭക്ഷണമാകട്ടെ ധാരാളമായി നിറയ്ക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഈ (ആത്മീയ ഭക്ഷണം) അതിന്റെ ശക്തിയാൽ ജീവിപ്പിക്കുവാൻ പര്യാപ്തവും അവയിൽ പങ്കാളികളായവരെ രക്ഷിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടാണ് ശരീരത്തെയും രക്തത്തേയും വിശുദ്ധ രഹസ്യങ്ങൾ എന്ന് വിളിക്കുന്നത്? അവ വിശുദ്ധ രഹസ്യങ്ങൾ എന്ന് പറയുന്നത് ശരീരവും രക്തവും കാണാതിരിക്കുന്നതു കൊണ്ടല്ല. കാഴ്ചയിൽ അവ അപ്പവും വീഞ്ഞുമാണ് എന്നാൽ അവ ദൈവത്തിന്റെ ശരീരവും രക്തവുമായാണ് മനസ്സിലാക്കപ്പെടുന്നത്. യേശു മനുഷ്യനായി കാണപ്പെട്ടപ്പോൾ എങ്ങനെ അവൻ ദൈവമായിരുന്നോ അപ്രകാരം കാണപ്പെടുന്ന ഈ അപ്പവും വീഞ്ഞും ശരീരവും രക്തവും ആകുന്നു. അതുപോലെ ആത്മാവ് വിശുദ്ധ രഹസ്യങ്ങളെ ശരീരവും രക്തവും ആക്കുന്നു. എന്നാൽ കന്യകയിൽ സംഭവിച്ചതുപോലെ അവ പുത്രൻ ആകുന്നു. റൂഹാ പുത്രന്റെ ശരീരം നിർമ്മിച്ചു എങ്കിലും പുത്രനാണ് ശരീരം എടുക്കപ്പെട്ടത്. മാലാഖ പറഞ്ഞതു പോലെ നിന്നിൽ ഉരുവായിരിക്കുന്നവൻ പരുശുദ്ധനും പരിശുദ്ധാത്മാവിലും ആകുന്നു (ലൂക്കോ 1:31). പരിശുദ്ധാത്മാവാകുന്നു ശരീരം മെനയുവാൻ കാരണം എങ്കിലും ഗർഭം ധരിക്കപ്പെട്ടവനും ഉരുവാക്കപ്പെട്ടവനും പുത്രനാകുന്നു. അതുപോലെ, മദ്ബഹാ ഗർഭപാത്രത്തിന്റേയും കബറിന്റേയും പ്രതീകമാകുന്നു. ആത്മാവ് അതിന്മേൽ ആവസിക്കുമ്പോൾ അപ്പത്തേയും വീഞ്ഞിനേയും വ്യത്യാസപ്പെടുത്തി അവയെ പൊടുന്നനെ ഉദരത്തിൽ ശരീരമായിത്തീർന്ന വചനത്തിന്റെ ശരീരവും രക്തവും ആക്കിത്തീർക്കുന്നു. പുത്രന്റെ ശരീരമായിരിക്കെ പിതാവിൽ നിന്ന് പരിശുദ്ധ റൂഹാമൂലം നമുക്ക് അത് നൽകപ്പെട്ടു.

നിങ്ങൾക്കുവേണ്ടിയും അനേകർക്കു വേണ്ടിയും. അതായത്, എന്റെ പന്ത്രണ്ട് ശിഷ്യന്മാരേ ഈ ശരീരം മുറിക്കപ്പെടുന്നത് നിങ്ങൾക്കു വേണ്ടി മാത്രമല്ല എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടിയാണ്. മുറിക്കപ്പെടുന്നതും സ്കീപ്പായിൽ വച്ച് ബലിയർപ്പിക്കപ്പെടുന്നതുമായവയെക്കുറിച്ച് അവൻ പറയുകയായിരുന്നു.

പാപങ്ങളുടെ പരിഹാരത്തിനുവേണ്ടി നൽകപ്പെടുന്നു. രണ്ടു കാര്യങ്ങൾക്കുവേണ്ടിയാണ് തന്റെ ശരീരം വിശ്വാസികൾക്ക് നൽകപ്പെടുന്നതെന്ന് അവൻ പറയുന്നത്. ഒന്ന്, അവരുടെ പാപങ്ങൾ ക്ഷമിക്കുന്നതിനും. രണ്ട്, എന്റെ ശരീരം ഭക്ഷിക്കുന്നവന് നിത്യജീവൻ ഉണ്ട് എന്ന് പറയപ്പെട്ടിരിക്കുന്നതു പോലെ അവർക്ക് സ്വർഗ്ഗരാജ്യത്തിലുള്ള നിത്യജീവൻ നൽകപ്പെടുന്നതിനും വേണ്ടി.

നിത്യജീവനു വേണ്ടി. മൂസലിലെ മൂശാ പറയുന്നു, പുരോഹിതൻ ഇവിടെ നിത്യജീവനു വേണ്ടി എന്ന് പറയുമ്പോൾ അവിടെ അൽപ്പം താമസം വരുത്തി, പാലിച്ചു പോന്നിരുന്നതും ഇപ്പോഴും ഉള്ളതുമായ രീതി പോലെ, ജനങ്ങൾക്ക് ആമ്മീൻ എന്നു പറയുവാൻ അവസരം കൊടുക്കുന്നത് ശരിയല്ല. കാരണം ഈ സ്ഥലത്ത് ഇതൊരു പ്രാർത്ഥനയും അപേക്ഷയും അല്ല ഒരു വിവരണം മാത്രമാണ്. പ്രാർത്ഥനയ്ക്ക് മറുപടിയായി ആമ്മീൻ എന്ന് ജനം പറയുന്നത് ഉചിതമാണ് എന്നാൽ ഒരു വിവരണത്തിന് പാടില്ല. അതുകൊണ്ട് ഞാൻ വരുന്നതു വരെ എന്റെ ഉയിർപ്പിനെ നിങ്ങൾ ഏറ്റുപറയണം എന്നിപ്രകാരം പറയുന്നതു വരെ വാക്കുകൾ മുറിയാതെ പട്ടക്കാരൻ പറയുന്നതാണ് ഉചിതം. മൂശ ബർകീഫാ ഇപ്രകാരം പറയുന്നുണ്ടെങ്കിലും ആളുകൾ രണ്ടു പ്രാവശ്യം ആമ്മീൻ എന്ന് ഇന്നുവരെ പറയുന്നു. ഒന്ന് ഇവിടെയും രണ്ടാമത്തേത് അപ്രകാരം നിത്യജീവനു വേണ്ടി എന്നു പറഞ്ഞുകൊണ്ട് കാസാമേൽ വാഴ്ത്തുമ്പോഴും.

അപ്രകാരം അത്താഴം കഴിഞ്ഞ ശേഷം വീഞ്ഞും വെള്ളവും കലർത്തിയ കാസായും (എടുത്ത്) സ്തോത്രം ചൊല്ലി വാഴ്ത്തി, നിങ്ങളെല്ലാവരും ഇതിൽ നിന്ന് വാങ്ങി പാനം ചെയ്‌വീൻ എന്ന് പറഞ്ഞു. ഇത്, അവൻ ശരീരത്തേക്കുറിച്ച് പറഞ്ഞപ്പോൾ ഇത് വാങ്ങി ഭക്ഷിപ്പിൻ എന്നു മാത്രമേ പറഞ്ഞുള്ളൂ. കാരണം മടികൂടാതെ ശിഷ്യന്മാർ എല്ലാവരും ഒരുപോലെ അതിൽ നിന്ന് ഭക്ഷിക്കുമെന്ന് അവനറിയാം. എന്നാൽ കാസായുടെ കാര്യം വന്നപ്പോൾ നിങ്ങളെല്ലാവരും ഇതിൽ നിന്ന് കുടിപ്പിൻ എന്നുകൂടി അതിൽ കൂട്ടിച്ചേർത്തു. നിങ്ങളെല്ലാവരും എന്നത് ചൂണ്ടിക്കാണിക്കുന്നത് എബ്രായക്കാരുടെ നിയമം അനുശാസിക്കുന്നതുപോലെ ഒരിക്കലും മുന്തിരി രുചിച്ച് നോക്കാത്ത നാസീർ വ്രതക്കാരിൽ ചിലർ ശിഷ്യന്മാരുടെ ഇടയിൽ ഉണ്ടായിരുന്നേക്കാം എന്നാണ്. നിങ്ങളെല്ലാവരും എന്ന വാക്കിലൂടെ അവൻ തന്റെ രക്തത്തിൽ പങ്കാളികളാകുവാൻ അവരെ അനുവദിക്കുകയായിരുന്നു. അങ്ങനെ നാസീർ വ്രതക്കാർ വീഞ്ഞ് ഒഴിവാക്കണം എന്ന യെഹൂദരുടെ രീതി അവർ ഉപേക്ഷിക്കണമെന്ന് കൽപ്പിക്കുകയായിരുന്നു. പുതിയ നിയമത്തിന്റേതായ എന്റെ രക്തം ഇതാകുന്നു. *ദീയാത്തീക്കി* എന്നാൽ ഉടമ്പടി എന്നാണ് അർത്ഥം. അത് (ഉടമ്പടി) ഉണ്ടാക്കിയ ആൾ മരണപ്പെട്ടാൽ അതിൽ നിന്ന് ഒന്നും വ്യത്യാസം വരുത്തുവാൻ മറ്റാർക്കും സാധിക്കയില്ല. എന്നാൽ അയാൾ മരണപ്പെട്ടില്ലെങ്കിൽ അത് ഉറപ്പിക്കപ്പെട്ടിട്ടും ഇല്ല. കാരണം അയാൾക്ക് സ്വന്ത ഇഷ്ടപ്രകാരം അതെല്ലാം മാറ്റം വരുത്താനുള്ള അധികാരം ഉണ്ട്. ഉടമ്പടി എന്നതിന്റെ അർത്ഥം എന്താണ്? നാം പറയുന്നു, ഒന്ന്, അതുണ്ടാക്കിയ ആൾ മരിച്ചു കഴിഞ്ഞു. രണ്ട്, അവകാശി തനിക്ക് ഇഷ്ടമുള്ളവർക്കാണ് അവകാശം വീതിച്ച് നൽകുന്നു, അവനായിരിക്കും അവകാശി. ഉടമ്പടി അതായത് ക്രിസ്തു കൽപ്പന നമുക്ക് എഴുതി തന്റെ രക്തം കൊണ്ട് ഉറപ്പിച്ചു. അതായത്, പഴയ(നിയമ) ഉടമ്പടി കുഞ്ഞാടുകളുടെയും കാളക്കുട്ടികളുടേയും രക്തത്തിലാണ് ഉറപ്പിച്ചിരുന്നത്. അപ്രകാരംതന്നെ പുതിയ ഉടമ്പടിയിൽ ക്രിസ്തുവിന്റെ രക്തത്തിലാണ് ഉറപ്പിക്കുന്നത്. ശ്ലീഹാ പറഞ്ഞതുപോലെ, രക്തം ചിന്താതെ പാപമോചനവും ഇല്ല (എബ്രാ 9:22).

ഈ ഉടമ്പടിയിലൂടെ അതായത് കൽപ്പനയിലൂടെ എന്ത് ലാഭമാണ് ക്രിസ്തു നമുക്ക് നൽകിയത്? നാം പറയും, മാമോദീസായിലൂടെ നമ്മെ അവന്റെ പിതാവിന്റെ മക്കളാക്കിത്തീർത്തു. നമ്മുടെ കടങ്ങളും പാപങ്ങളും തന്റെ ശരീരവും രക്തവും മൂലം വെടിപ്പാക്കി. നമ്മെ സ്വർഗ്ഗരാജ്യത്തിലേക്ക് അടുപ്പിച്ചു. അവാച്യങ്ങളായ ദാനങ്ങളെ നമുക്കുവേണ്ടി അവിടെ ഒരുക്കി.

എന്റെ ഓർമ്മക്കയി ഇപ്രകാരം ചെയ്‌വീൻ

അതായത്, ഞാൻ ചെയ്തത് നിങ്ങൾ കണ്ടതുപോലെ "നിങ്ങൾ ഈ അപ്പം തിന്നുമ്പോഴൊക്കെയും ഈ കാസാ കുടിക്കുമ്പോഴും" അതായത്, നിങ്ങൾ ഈ രഹസ്യം പൂർത്തിയാക്കുമ്പോഴൊക്കെയും അവ നിങ്ങളുടെ പാപങ്ങൾ മോചിക്കും. രണ്ട് കാര്യങ്ങൾ നിങ്ങൾ ചെയ്യുന്നു. ഒന്ന്, നിങ്ങൾ എന്റെ മരണത്തെ ഓർക്കുന്നു. രണ്ട്, നിങ്ങൾ എന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഏറ്റുപറയുന്നു. മിസ്രയീം മുതൽ മാളികമുറി വരെ ശരീരവും രക്തവും കൊണ്ടുള്ള ഈ രഹസ്യങ്ങളെ പ്രതീകാത്മകമായി നിറവേറ്റുകയായിരുന്നു എന്ന് മനസ്സിലാക്കുക. മാളികമുറി മുതൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെ അത് ശരീര രക്തങ്ങൾ കൊണ്ട് പൂർത്തീകരിക്കപ്പെടുന്നു.

എന്റെ മരണത്തേയും പുനരുത്ഥാനത്തേയും നിങ്ങൾ പ്രസംഗിക്കുവീൻ. അതായത്, ഈ ബലിയിലൂടെ അതായത്, നമ്മുടെ കർത്താവിന്റെ ശരീരപ്രകാരമുള്ള അവന്റെ മരണത്തിനെയും അവന്റെ ഉയിർത്തെഴുന്നേൽപ്പിനേയും പ്രഖ്യാപിക്കുക അല്ലെങ്കിൽ സ്മരിക്കുക എന്നാണ്. അതുമൂലം സഭ ശുദ്ധീകരിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നു. അപ്പത്തിലൂടെയും വീഞ്ഞിലൂടെയും ജഢത്തിലുള്ള അവന്റെ മരണത്തേയും ഉയിർത്തെഴുന്നേൽപ്പിനേയും ഓർക്കുന്നതിലൂടെ നാം മറന്നു പോകാതെ എല്ലായിപ്പോഴും അവയെ ഓർക്കണം (എന്ന് സൂചിപ്പിക്കുന്നു).

വീണ്ടും, അപ്പവും വീഞ്ഞും ഉപയോഗിച്ചുള്ള അവന്റെ മരണത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെയും ഓർമ്മ പ്രകാശത്തിന്റെ മക്കളുടെ എട്ടാം ദിവസമുള്ള മഹത്തരമായ ഉയിർപ്പിനെയും മർത്യതയിൽ നിന്നുള്ള സ്വാതന്ത്ര്യവും സൂചിപ്പിക്കുന്നു.

ഞങ്ങളുടെ കർത്താവേ നിന്റെ മരണത്തേയും തുടങ്ങി ജനം മറുപടി പറയുന്നു. അതായത്, നിന്റെ കൽപ്പന പോലെ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു കാരണം അതിനാൽ ഞങ്ങളുടെ മരണത്തെ മരിപ്പിച്ചു (കൊന്നു). നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ ഏറ്റുപറയുന്നു. അതായത്, അത് ഞങ്ങളുടെ ഉയിർത്തെഴുന്നേൽപ്പിന് ഒരു അച്ചാരവും പുതിയ ജീവന്റെ ആദ്യഫലവും ആയിത്തീർന്നു. നിന്റെ വരവിന്നായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. അങ്ങനെ നീ അരുളിച്ചെയ്തതുപോലെ നിന്റെ പിതാവിന്റെ ഭവനത്തിൽ വച്ച് ഞങ്ങൾ നിന്നോടുകൂടെ ആത്മീയ മുന്തിരിയുടെ ആത്മീയ ഫലം പാനം ചെയ്യും. അവനോടുകൂടെ അവിടെ വച്ച് പാനം ചെയ്യുന്ന വീഞ്ഞ് നമുക്ക് ഇവിടെ വച്ച് മനസ്സിലാകാത്ത പുതിയ പഠിപ്പിക്കലാകുന്നു.

മാളികമുറിയിൽ വച്ചുള്ള വിവരണം മുതൽ മനുഷ്യാവതാര പ്രാർത്ഥന വരെയുള്ളവ നോഹയുടെ കാലത്ത് വെള്ളം ഉയരുകയും പേടകം വെള്ളത്തിൽക്കൂടി ഒഴുകി നടക്കുകയും ചെയ്തതിനെ സൂചിപ്പിക്കുന്നു. ആത്മീയ പാപ പ്രളയത്തിന്മീതെ പൊങ്ങിക്കിടക്കുന്ന പാത്രം പോലെ ഒരടയാളമായി പെട്ടകം മാളികമുറിയെ സൂചിപ്പിക്കുന്നു. പ്രളയത്തിനു ശേഷം നോഹ അർപ്പിച്ച കാഴ്ചകളിൽ നമ്മുടെ പൗരോഹിത്യം പ്രതിനിധീകരിക്കപ്പെടുന്നു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിടവാങ്ങിയത് സാമൂഹിക പ്രതിബദ്ധതയുള്ള പ്രവാചകൻ

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

ചങ്ങനാശ്ശേരി അതിരൂപതയുടെ പിതാവായി ദീർഘകാലം സഭയെ നയിച്ച അഭി ജോസഫ് പൗവത്തിൽ പിതാവിന്റെ വേർപാട് ക്രൈസ്തവ സമൂഹത്തിന് മാത്രമല്ല സമൂഹത്തിന് പൊതുവായി തന്നെ ഒരു തീരാ നഷ്ടമാണ്.... ന്യൂനപക്ഷങ്ങളുടെ വിഷയങ്ങളിലും, വിദ്യാഭ്യാസ മേഖലയിലും അഭി. പിതാവിന്റെ ഇടപെടൽ എടുത്ത് പറയേണ്ടതാണ്... നിലപാടുകളിൽ ഉറച്ചുനിൽക്കുവാനും തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ ആർജ്ജവത്തോടെ തുറന്നു പറയുവാനും അഭിവന്ദ്യ ജോസഫ് പിതാവ് ഒരിക്കലും മടിച്ചിട്ടില്ല... എന്റെ ഉപരിപഠനാർത്ഥം റോമിൽ പഠിക്കുന്ന കാലത്ത് റോം സന്ദർശിച്ച അഭിവന്ദ്യ ജോസഫ് പൗവത്തിൽ തിരുമേനിയെ അടുത്ത പരിചയപ്പെടാനും സൗഹൃദം സ്ഥാപിക്കുന്നതിനും, ദൈവകൃപയാൽ മഹാ പൗരോഹിത്യ ശുശ്രൂഷയിലേക്ക് ബലഹീനനായ നാം വിളിക്കപ്പെട്ട ശേഷവും ആ സ്നേഹബന്ധം ഇഴമുറിയാതെ സൂക്ഷിക്കുവാൻ സാധിച്ചു എന്നുള്ളതും നന്ദിപൂർവ്വം സ്മരിക്കുന്നു... മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള അദ്ദേഹത്തിന്റെ സ്നേഹബന്ധം എടുത്ത് പറയേണ്ടതാണ്... അഭിവന്ദ്യ പിതാവിന്റെ നിര്യാണ വാർത്ത വളരെ ദുഃഖത്തോടെയാണ് ശ്രവിച്ചത്... സൗഹൃദ വലയത്തിൽ നിന്ന് ഭൗതികമായി ഒരാൾ മാറ്റപ്പെടുന്നു എന്നതിലുപരി കേരള സമൂഹത്തിന് പൊതുവായി ഒരു സാമൂഹ്യ പരിഷ്കർത്താവിനെ കൂടെ



ഗുരുവും മാർഗദർശിയും

ഉമ്മൻചാണ്ടി
(മുൻ മുഖ്യമന്ത്രി)

അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ ബി.എ എകണോമിക്സിന് പഠിക്കുന്ന കാലത്ത് ഞങ്ങളുടെ അധ്യാപകനായിരുന്നു പൗവ്വത്തിൽ അച്ചൻ. അന്നു മുതൽ അദ്ദേഹവുമയി വ്യക്തിപരമായി വളരെ അടുത്ത ബന്ധമാണ് എനിക്കുണ്ടായിരുന്നത്.

പൗവ്വത്തിൽ പിതാവ് കേരളത്തിലെ ക്രൈസ്തവ സഭയുടെ ആധ്യാത്മിക ആചാര്യൻമാരിൽ ഏറ്റവും ശ്രദ്ധേയനായ വ്യക്തിയായിരുന്നു. വിദ്യാഭ്യാസ കാര്യങ്ങളിലും രാഷ്ട്രീയ വിഷയങ്ങളിലുമെല്ലാം അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ടായിരുന്നു. മാധ്യമങ്ങളിൽ വരുന്ന ലേഖനങ്ങളിലൂടെ അദ്ദേഹം ആ കാഴ്ചപ്പാട് പ്രതിഫലിപ്പിച്ചിരുന്നു. സമുദായ മൈത്രിക്കു വേണ്ടി പൗവ്വത്തിൽ പിതാവ് നടത്തിയ പ്രവർത്തനങ്ങൾ എല്ലാ വിഭാഗം ജനങ്ങളുടേയും ബഹുമാനം പിടിച്ചുപറ്റാൻ പര്യാപ്തമായിരുന്നു.

എന്റെ ഗുരുനാഥൻ കൂടിയായ പൗവ്വത്തിൽ പിതാവിന്റെ മരണാനന്തര ചടങ്ങുകളിൽ ആരോഗ്യപരമായ കാരണങ്ങളാൽ പങ്കെടുക്കാൻ കഴിയാത്തതിൽ ദുഃഖമുണ്ട്. പരിശുദ്ധ പിതാവിന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഉത്തമ സ്നേഹിതൻ

അഡ്വ. ബിജു ഉമ്മൻ
(മലങ്കര അസോസിയേഷൻ സെക്രട്ടറി)

മലങ്കര ഓർത്തഡോക്സ് സഭയുടെ ഉത്തമ സ്നേഹിതനും, സീറോ മലബാർ കത്തോലിക്കാ സഭയുടെ ചങ്ങനാശ്ശേരി അതിരൂപത മുൻ ആർച്ച് ബിഷപ്പും, കേരളത്തിന്റെ സാമൂഹിക സാംസ്ക്കാരിക സഭാ മണ്ഡലത്തിൽ ഒരു കാലത്ത് നിറഞ്ഞുനിന്നിരുന്ന അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിലിൻറെ നിര്യാണത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു. എക്യുമെനിക്കൽ രംഗത്തും വിദ്യാഭ്യാസ രംഗത്തും അദ്ദേഹം നൽകിയ സംഭാവനകളെ ഓർക്കുന്നതോടൊപ്പം മലങ്കര സഭയോടും, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുമായുള്ള അദ്ദേഹത്തിൻറെ ബന്ധവും, ക്രൈസ്തവ സമൂഹത്തിനും കേരളത്തിലെ പൊതുസമൂഹത്തിനും അദ്ദേഹം നൽകിയ സംഭാവനകളെ നന്ദിയോടെ സ്മരിക്കുകയും പ്രാർത്ഥനകളും ആദരാഞ്ജലികളും അർപ്പിക്കുകയും ചെയ്യുന്നു.



മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസ് മാതൃഭൂമി ഹെഡ് ഓഫീസ് സന്ദർശിച്ചു.



ആർത്താറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് പുത്തൻപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാരുടെ ഓർമ്മ പെരുന്നാളിന് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പൊലീത്താ മുഖ്യ കാർമ്മികത്വം വഹിച്ചു.



Hierarchy of Angels

First Order (Innermost circle)
1. Seraphim (Six Wings)
2. Cherubim (Four wings/ Many eyed)
3. Thrones (Near the Throne /Shimmering wheels

Second Order (Middle circle)
4. Dominions (Holding Censors)
5. Virtues (with swords)
6. Powers (crowned and with sceptres)

Third Order (Outermost circle)
7. Principalities (holding Crown and staff)
8. Archangels (seven arch angels)
9. Angels (Guardian angels)



കണ്ടനാട് വെസ്റ്റ് ഭദ്രാസന വൈദിക സംഘത്തിന്റെ ഏകദിന ധ്യാനം വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. സുൽത്താൻ ബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർണബാസ് ധ്യാനം നയിച്ചു.



സൗദി അറേബ്യയിൽ എത്തിച്ചേർന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തൃശ്ശൂർ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ മിലിത്തിയോസിന് സൗദി അറേബ്യ അൽഖർജ് സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ സ്വീകരണം നൽകി. ഇതാദ്യമായാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു മെത്രാപ്പോലീത്താ അൽഖർജിൽ സന്ദർശനം നടത്തുന്നത്.

വചനതീർത്ഥം



"അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക്"

വലിയ നോമ്പിലെ ആറാം ഞായറാഴ്ച. പിറവിക്കുരുടനെ സൗഖ്യമാക്കിയ ഞായർ സഭാദിനം. വി. യോഹന്നാൻ 9:1–41

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)



വിശുദ്ധ വലിയ നോമ്പിലെ ഏഴു ഞായറാഴ്ചകളിൽ ആദ്യത്തെ ഞായറാഴ്ച കൊത്നെ ഞായറാഴ്ചയും ഏഴാമത്തെ ഞായറാഴ്ച ഓശാന ഞായറാഴ്ചയുമായി സഭ ആചരിക്കുന്നു. രണ്ടു മുതൽ ആറാമത്തെ ഞായറാഴ്ച വരെയുള്ള അഞ്ചു ആഴ്ചകളിലും നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയിലെ വിവിധ സൗഖ്യദാനത്തെ പ്രത്യേകമായി ഓർക്കുന്നു. ഇതിൽ രോഗികൾ യേശു തമ്പുരാന്റെ അടുക്കൽ വന്ന് അപേക്ഷിച്ചവരും, യേശുതമ്പുരാന് മനസലിവ് തോന്നി അവരെ വിളിച്ച് സൗഖ്യം നൽകിയ സംഭവങ്ങളും ഉണ്ട്. എന്നാൽ ഇന്നത്തെ വേദഭാഗത്ത് സാധാരണയിൽ നിന്ന് വ്യത്യസ്ഥമായ ഒരു ശൈലിയാണ് വി. യോഹന്നാൻ ശ്ലീഹാ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഇവിടെ ആരും ആവശ്യപ്പെടാതെ പ്രത്യേകിച്ച് രോഗി ഒന്നും ആവശ്യപ്പെടാതെ തന്നെ യേശു സൗഖ്യം നൽകുന്നു. ശിഷ്യന്മാരെ സംബന്ധിച്ച് ഈ വ്യക്തിയുടെ രോഗം ഒരു വലിയ പ്രശ്നമേ അല്ല. പിന്നെയോ അവർക്ക് ഇപ്പോൾ അറിയേണ്ടത് ഈ വ്യക്തി കുരുടനായി പിറന്നതിന്റെ കാരണം ആണ്. മാതൃഗർഭം മുതലേ കുരുടനായ ഇവൻ പിറവിയിൽ തന്നെ കുരുടൻ എന്നതിനു പുറമെ ഇവന്റെ അന്ധത ഒരു പ്രത്യേക തരമായിരുന്നു. അതായത് അവനു കണ്ണു തന്നെ ഇല്ലായിരുന്നു. ഇന്നത്തെ പ്രഭാതത്തിന്റെ പ്രാരംഭ പ്രാർത്ഥനയിൽ ചൊല്ലുന്നത് 'കൃഷ്ണമണിയില്ലാതിരുന്ന ഇരുണ്ട കണ്ണുകളെ കളിമണ്ണു തേച്ചു നീ ശരിയാക്കി. മാതാവിന്റെ ഗർഭം മുതൽ കുരുടനായിരുന്നവന് നീ പ്രകാശം കൊടുത്തു." പിറവിയിലെ അന്ധനായിരുന്ന ഇവൻ എങ്ങനെയാണ് ഇവന്റെ പാപം കൊണ്ട് അന്ധനായിതീർന്നത്. ഇവൻ പിറവിയിൽ തന്നെ അന്ധനായിരുന്ന സ്ഥിതിക്ക് ഒരു വിധത്തിൽ നോക്കിയാൽ ഇവനോ എന്ന ചോദ്യം അബദ്ധമാണ്. ജനിക്കുന്നതിനു മുമ്പ് പാപം ചെയ്യുവാൻ സാദ്ധ്യമല്ലല്ലോ. അധികം ചിന്തിക്കാതെ സാധാരണരീതിയിൽ ഇവർ ചോദിച്ചു എന്നു മാത്രം.

ഇവന്റെ മാതാപിതാക്കളോ എന്നു ചോദിക്കുവാനുള്ള കാരണം പിതാക്കളുടെ കുറ്റത്തിന് മൂന്നും നാലും തലമുറ വരെ മക്കളും ശിക്ഷയനുഭവിക്കേണ്ടിവരും (പുറപ്പാട് 34:7) എന്ന വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഇതിനു കർത്താവ് കൊടുക്കുന്ന മറുപടി ഇവനും ഇവന്റെ മാതാപിതാക്കളും പാപം ചെയ്തിട്ടില്ല. ഇവന്റെ മാതാപിതാക്കൾക്ക് പാപമില്ലാത്തവരായിരുന്നു എന്ന് ഇതിനർത്ഥമില്ല. പകരം ഈ അന്ധതയ്ക്ക് കാരണം പാപമല്ല എന്നു മാത്രമാണ് കർത്താവ് ഇവിടെ ഉദ്ദേശിച്ചത്. നമുക്ക് നേരിടുന്ന സർവ്വ അത്യാഹിതങ്ങൾക്കും കാരണം അന്വേഷിക്കുവാൻ തുടങ്ങേണ്ട ആവശ്യമില്ല. ദൈവത്തിന്റെ പ്രവൃത്തികളുടെ ഉദ്ദേശ്യം കണ്ടുപിടിക്കുവാൻ നമുക്ക് സാദ്ധ്യവുമല്ല. ചിലപ്പോൾ നമ്മുടെ പ്രയോജനത്തിനായും ചിലപ്പോൾ ശിക്ഷയായിട്ടും പരീക്ഷയായിട്ടും ദൈവശക്തി വെളിപ്പെടുവാനായിട്ടും എല്ലാം സംഭവിക്കാം.

അനുഗ്രഹങ്ങൾക്ക് നമ്മുടെയും ആദ്ധ്വാനം ആവശ്യമാണ്

യേശുക്രിസ്തു ഈ രോഗിയെ സൗഖ്യമാക്കുന്നത് വ്യത്യസ്തമായ രീതിയിലൂടെയാണ്. വേണമായിരുന്നു എങ്കിൽ വെളിച്ചമുണ്ടാകട്ടെ എന്നു പറഞ്ഞു വെളിച്ചമുണ്ടായതുപോലെയും കാഴ്ച ലഭിക്കട്ടെ എന്നു പറഞ്ഞും വാക്കുകൾ കൊണ്ടു മാത്രം യേശുവിനു ഈ രോഗിയെ സൗഖ്യമാക്കാമായിരുന്നു. അല്ലെങ്കിൽ ഒരു സ്പർശനത്തിലൂടെ സൗഖ്യമാക്കാമായിരുന്നു. എന്നാൽ ക്രിസ്തു ഇവിടെ ചില ക്രിയകളിലൂടെ അവനെയും ആ സൗഖ്യശുശ്രൂഷയിൽ പങ്കുകാരനാക്കുന്നു. 'അവൻ നിലത്തു തുപ്പുന്നു, തുപ്പൽകൊണ്ട് ചേറ് ഉണ്ടാക്കുന്നു. ചേറ് അവന്റെ കണ്ണിന്മേൽ പൂശുന്നു. ചെളിയുണ്ടാക്കി അവന്റെ കണ്ണുകളിൽ തേക്കുന്നത് മർക്കോസ് 7:33-ൽ പറയുന്നതുപോലെ തന്നെ ഈ കുരുടന്റെ വിശ്വാസവളർച്ചയെ സഹായിക്കുവാനായിരിക്കണം. ഈ കുരുടൻ കണ്ണുകൾ തന്നെ ഇല്ലാത്തവനായിരുന്നതിനാൽ ആദിയിൽ മണ്ണുകൊണ്ട് ആദാമിനെ സൃഷ്ടിച്ച ദൈവം തന്നെയാണ് താൻ എന്നു തെളിയിക്കുന്നതാണ് ഈ പ്രവൃത്തി. തുപ്പലിന്റെ ഔഷധഗുണത്തെപ്പറ്റി നമുക്കറിയാം. മൃഗങ്ങൾ മുറിവ് ഉണക്കുന്നത് തുപ്പൽ കൊണ്ടാണ്. താൻ പാതി ദൈവം പാതി എന്നു പറയുന്നതുപോലെ ഇത്രയും ക്രിയകൾ ക്രിസ്തു ചെയ്തു. ഇനിയും ബാക്കി മനുഷ്യന്റെ പ്രവൃത്തിയാണ്.

ആദിയിൽ ദൈവം മനുഷ്യനെ പരപ്രേരണ കൂടാതെ മണ്ണുകൊണ്ടു നിർമ്മിച്ച് അവന്റെ മൂക്കിൽ ജീവശ്വാസം നൽകി. അവനു ചില ഉത്തരവാദിത്വങ്ങൾ നൽകി. എന്നാൽ മനുഷ്യൻ തന്റെ ഉത്തരവാദിത്വങ്ങളിൽ നിന്ന് വ്യതിചലിച്ചു പോകുന്നു. നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ ദൈവ നമുക്ക് ചില ഉത്തരവാദിത്വങ്ങളും നിർദ്ദേശങ്ങളും നൽകും. അവയെ അനുസരിക്കുക എന്നതാണ് നമ്മുടെ കടമ. അങ്ങനെ നമ്മുടെ കടമകൾ കൂടി നാം നിർവ്വഹിച്ചു എങ്കിൽ മാത്രമേ ദൈവഹിതം നമ്മിൽ പൂർത്തീകരിക്കൂ. ക്രിസ്തു തുപ്പൽ കൊണ്ട് മണ്ണു കുഴച്ച് കണ്ണിൽ പുരട്ടുന്നു. അതിനുശേഷം "നീ ചെന്ന് ശീലോഹാം കുളത്തിൽ കഴുകുക" എന്ന് അവനോടു പറഞ്ഞു. അവൻ പോയി കഴുകി കണ്ണു കാണുന്നവനായി മടങ്ങിവന്നു (വി. യോഹന്നാൻ 9:6–7). അവൻ ക്രിസ്തുവിന്റെ ഉപദേശം അനുസരിച്ച് ശീലോഹാമിലേക്ക് പോകുവാനും അവിടെ പോയി കഴുകുവാനും മനസ്സുകാണിച്ചപ്പോൾ ആണ് സൗഖ്യം ലഭിക്കുന്നത്. ഇവിടെ ശീലോഹാമിലേക്ക് അവനെ അയയ്ക്കുന്നതിന്റെ പ്രധാനം ഉദ്ദേശം അവന്റെ വിശ്വാസ പരീക്ഷയായിരിക്കാം. ഈ അത്ഭുത പ്രവൃത്തിയെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ കൂടുതൽ അറിവും ബോദ്ധ്യവും ഉണ്ടാകുവാനും ഇതു സഹായിക്കും. അവൻ കർത്താവിന്റെ വാക്കുകളിൽ പൂർണ്ണമായി വിശ്വസിച്ച് പോയി കഴുകി പൂർണ്ണ സുഖം പ്രാപിക്കുകയും ചെയ്തു. ഇതിലൂടെ നമ്മുടെ ജീവിതത്തിലും അനുഗ്രഹങ്ങൾ പ്രാപിക്കുവാനായി നമ്മുടെ പ്രയത്നം ആവശ്യമാണ്. നാം വിശ്വാസപൂർവ്വം അദ്ധ്വാനിക്കുമ്പോൾ പ്രയത്നിക്കുമ്പോൾ ദൈവം നമുക്ക് അതിനു പ്രതിഫലം നൽകും.

ശുദ്ധീകരണത്തിലൂടെ പ്രകാശിതരാകുന്നു

ശീലോഹാം കുളത്തിലേക്ക് പോയി കഴുകാൻ ക്രിസ്തു പറയുമ്പോൾ പോയി കഴുകി ശുദ്ധീകരണം പ്രാപിച്ച് പ്രകാശിതനായിത്തീരുന്നു. വി. കൂദാ

ശകളിലും നടക്കുന്നത് ശുദ്ധീകരണമാണ്. ശുദ്ധീകരണത്തിലൂടെ നാം പ്രകാശത്തിന്റെ മക്കളായിതീരുന്നു. വി. മാമോദീസായിലും വി. കുമ്പസാരത്തിലും ഈ കഴുകൽ ആണ് നടക്കുന്നത്. വി. മാമോദീസായിൽ വെള്ളം കൊണ്ട് കഴുകപ്പെടുന്നു എങ്കിൽ വി. കുമ്പസാരത്തിൽ കണ്ണുനീരുകൊണ്ട് നമ്മെ തന്നെ നാം കഴുകുന്നു. മണ്ണു കുഴച്ചു തേച്ചുകൊണ്ട് അവിടുന്ന് ആദിയിലെ സൃഷ്ടികർത്താവാണെന്നും ഈ കഴുകൽ കൊണ്ട് സൃഷ്ടിയെ പുതുക്കുന്നവനാണെന്നും സൂചിപ്പിക്കുന്നു. ഒരുവന് രക്ഷപ്രാപിക്കുന്നതിന് ശാരീരികമായ ജനനം മാത്രം പോരാ ഒരു പുതുക്കമായ വീണ്ടും ജനനവും ആവശ്യമാണ്. ഈ രണ്ടു പ്രവൃത്തികൾ വഴിയായി ആ കുരുടൻ ആത്മീയമായും ശാരീരികവുമായ പ്രകാശം പ്രാപിക്കുകയും ചെയ്യുന്നു.

കാഴ്ച ലഭിച്ച കുരുടൻ തങ്ങൾക്ക് കാഴ്ചയുണ്ടെന്ന് അവകാശപ്പെടുന്ന മതനേതൃത്വത്തോട് നടത്തുന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. "ഒന്നു ഞാൻ അറിയുന്നു. ഞാൻ കുരുടനായിരുന്നു. ഇപ്പോൾ കണ്ണു കാണുന്നു" (വി. യോഹന്നാൻ 9:25). ഈ അറിവാണ് ഏറ്റവും വലിയ ഉൾക്കാഴ്ച നോമ്പനുഷ്ഠാനത്തിലൂടെ നമുക്ക് ലഭിക്കേണ്ടത് ഈ ഉൾക്കാഴ്ചയാണ്. യഹൂദപ്രമാണികൾ ശരീരപ്രകാരം കാഴ്ചയുള്ളവരായിരുന്നു. ആന്തരീക വെളിച്ചം തങ്ങൾക്കുണ്ടെന്ന് അവർ അഭിമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അവർ അവരുടെ ശാരീരിക കാഴ്ച മാത്രമെങ്കിലും വേണ്ടപോലെ ഉപയോഗപ്പെടുത്തിയിരുന്നു എങ്കിൽ അവർ കണ്ടതായ പ്രവൃത്തി ദൈവീകമാണെന്ന് നിഷ്പ്രയാസം അവർക്ക് ഗ്രഹിക്കാമായിരുന്നു. ഇതിനു പകരം തങ്ങൾക്കുള്ളതായി അവർ അഹങ്കരിച്ചിരുന്ന ജ്ഞാനത്തെ മറയാക്കിക്കൊണ്ട് അവരുടെ ബാഹ്യദൃഷ്ടിയെപ്പോലും അവർ നിരുപയോഗമാക്കിത്തീർത്തു. ശരീരപ്രകാരം അന്ധനായിരുന്നവൻ ഇവിടെ ശാരീരികവും ആത്മീകവും ആയ കാഴ്ച പ്രാപിക്കുകയും ശരീരപ്രകാരം കാഴ്ചയുണ്ടായിരുന്നവർ അന്ധന്മാരായി പരിണമിക്കയും ആണ് ചെയ്യുന്നത്.

ആത്മീയമായി കാഴ്ച പ്രാപിക്കണമെങ്കിൽ ആന്തരീക ശുദ്ധീകരണം ആവശ്യമാണ്. ആന്തരീക ശുദ്ധീകരണത്തിലൂടെയാണ് ആത്മീയമായി പ്രകാശിതരായിതീരുന്നത്. ഈ മനുഷ്യൻ പ്രകാശത്തിന്റെ പുത്രനായി തീർന്നതുകൊണ്ടാണ് തനിക്ക് കാഴ്ച നൽകിയ ആൾ തീർച്ചയായും ഒരു ദിവ്യനാണ് എന്ന് തുറന്നു പറയുവാനുള്ള ധൈര്യം ഇവനു ലഭിച്ചത്. യഹൂദമതനേതാക്കന്മാരെയോ പ്രമാണിമാരെയോ ഭയപ്പെടാതെ വളരെ ധൈര്യത്തോടെ ഇവൻ സംസാരിക്കുന്നത്. വെറും ഒരു ഭിക്ഷക്കാരനായിരുന്ന ഇവന് ഒരു നവചൈതന്യം ലഭിച്ചതിന്റെ ഫലമല്ലെങ്കിൽ ഇപ്രകാരം പറയുവാൻ കഴിയുകയില്ല. ഇവനു ശാരീരിക കാഴ്ചയോടൊപ്പം ആന്തരീക ഉൾക്കാഴ്ചയും ആത്മീയപ്രകാശവും ലഭിച്ചു. നമ്മുടെ ആത്മീയ ജീവിതത്തിലും ഇതുപോലെയുള്ള പരീക്ഷണങ്ങൾ ഉണ്ടായേക്കാം. പരീക്ഷണങ്ങളും കഷ്ടതകളും ഒക്കെ ഉണ്ടാകുമ്പോൾ അതിന്റെ നടുവിൽ നമ്മെ താങ്ങിനിർത്തുന്ന ക്രിസ്തുവിന്റെ കരങ്ങൾ ദർശിക്കാൻ നമുക്ക് സാധിക്കണം. കഷ്ടതയിലും പരാജയത്തിലും മറഞ്ഞിരിക്കുന്ന ദൈവമുഖം കാണുവാൻ വിശ്വാസ കണ്ണിന് മാത്രമേ സാധിക്കുകയുള്ളു (എബ്രായർ 11:1). ആയതിനാൽ ഈ നോമ്പിന്റെ കാലഘട്ടം എന്നു പറയുന്നത് നമ്മെ ശുദ്ധീകരിച്ചു വെടിപ്പാക്കാൻ ഉള്ള ഒരു കാലഘട്ടം ആണെന്നു മനസ്സിലാക്കി വി. കുമ്പസാരത്തിന്റെ അനുഭവത്തിലൂടെ നമുക്ക് ശുദ്ധീകരിക്കപ്പെടുവാനും തന്മൂലം പ്രകാശിതരായി തീരുവാനും ഇടയാകട്ടെ.

ഇന്നേ ദിവസം സഭാദിനമായി നാം ആചരിക്കുന്നു. കർത്താവിന്റെ ശരീരമാകുന്ന സഭ ആ ശരീരത്തിലെ ഓരോ അവയവങ്ങൾ ആകുന്ന നാം വി. മാമോദീസായിലൂടെയും, വി. കുമ്പസാരത്തിലൂടെയും, വി. കുർബ്ബാന അനുഭവത്തിലൂടെയും ക്രിസ്തുവിന്റെ ശരീരത്തോട് ചേർക്കപ്പെടുന്നു. അങ്ങനെ സഭയിലെ അംഗങ്ങളായ നാം ഓരോരുത്തരും വിശുദ്ധിയുടെ അനുഭവത്തിലേക്കു വന്നു കഴിയുമ്പോൾ സഭ മുഴുവനായി വിശുദ്ധിയിലേക്ക് എത്തിച്ചേരും. അങ്ങനെ സഭയുടെ ശുദ്ധീകരണത്തിലൂടെ ഈ ലോകത്തിന്റെ വിളക്കായി തീരുവാൻ അനേകരെ പ്രകാശത്തിലേക്ക് നയിക്കുവാൻ സഭയ്ക്ക് ഇടയാകട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം. ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച പരി. മാർതോമാ ശ്ലീഹാ മുതൽ ഇന്നയോളം സഭയെ നയിച്ച പൂർവ്വപിതാക്കന്മാരെയും ഇപ്പോൾ നമ്മെ നയിച്ചുകൊണ്ടിരിക്കുന്ന പിതാക്കന്മാരെയും നമുക്ക് ഓർക്കാം. കർത്താവിനെ പ്രസവിച്ച പരിശുദ്ധ കന്യകമറിയാമിന്റെയും, ഇന്ത്യയുടെ കാവൽപിതാവും പരി. മാർത്തോമ്മാശ്ലീഹായുടെയും മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധന്മാരായ പരുമല മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും യൽദോ മാർ ബസേലിയോസിന്റെയും പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.



ബഹ്റൈൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്ന കാതോലിക്കാ ദിനാഘോഷം.




ബാബു തോമസിന് ഡോക്ടറേറ്റ്

തിരുച്ചിറപ്പള്ളി ഭാരതിദാസൻ സർവ്വകലാശാലയിൽ നിന്നും എജ്യുക്കേഷനിൽ വാകത്താനം ഒറ്റപ്ലാക്കൽ ബാബു തോമസിന് ഡോക്ടറേറ്റ് ലഭിച്ചു. 2017-ൽ സഭാകവി സി. പി. ചാണ്ടി മെമ്മോറിയൽ ആചാര്യ അവാർഡും 2022-ൽ മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്. പുളിക്കുന്ന് സെന്റ് ജോസഫ് എച്ച്.എസ്.എച്ചിലെ മുൻ പ്രധാന അധ്യാപകനാണ്. വാകത്താനം പുത്തൻചന്ത സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച് ഇടവകാംഗം

ബിജു സി തോമസ് ഡോക്ടറേറ്റ് നേടി



പ്രശസ്ത ആർക്കിടെക്റ്റ് ബിജു സി. തോമസ് കോഴിക്കോട് NIT യിൽ നിന്നും ആർക്കിടെക്ച്ചറിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇന്ത്യയിൽ തന്നെ വിവിധ ദൈവാലയങ്ങൾക്ക് രൂപഭംഗി നൽകിയത് ഡോ. ബിജുവാണ്. നിലവിൽ സഭയുടെ ആർക്കിടെക്ചർ സമിതി അംഗമാണ്. ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ ഇടവകാംഗം.




Ayurveda Medical Association of India യുടെ കോട്ടയം ജില്ലയുടെ പുതിയ ട്രഷറർ ആയി തെരെഞ്ഞെടുക്കപ്പെട്ട ഡോ. അഖിൽ ടോം മാത്യു. കാരാട്ടുക്കുന്നേൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി അംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

"Seeing Christ : The Sacramentality of Human Being"

(Healing the man born blind - sixth Sunday of Great Lent)
John 9:1-41



Fr. Geevarghese Thomas

Lord Jesus Christ healing the man born blind significantly highlights the sovereignty of God over His creation. Though the healing was administered directly on the blind; the whole action awaken us to realise God's sovereignty in the making of His image bearers. In this episode, we see the elements of nothingness (intended as clay) subjected by God's grace (saliva) and the process of washing (Sacramentality) to "see" Christ. To see is not confined as a sensory process. "Seeing" is a participation in confessing who Christ is in my life! It involves the humility (of been formed of nothingness), the conviction (of growing in grace) and the hope (of adoption into eternal life). How did the blind man "see" Christ? How are we able to "see" Christ?

Reflections

1. Realise the triviality which blinds us spiritually.

In terms of our creation, the earth (soil) in itself had no value until God gave it a form and breathed into it. We must realise the trivial soils in our lives (the desires which root us in spiritual unproductivity). Unless this soil is moistened by the Divine element (Grace) to lead us in spiritual actualisation, we remain blinded by our wicked freewill. The blind state of the man from his very birth signifies the nullity of the creation. It was the action of the Word of God which made it productive. Lord Jesus Christ (the Incarnated Word of God) here, uses the same trivial thing in transforming the feeble state into a new experience. The state of blindness was transformed into a state of witnessing Christ through "seeing".

What are the trivial clay or the unproductive things in our being, which make us spiritually blind? All drives born of self-centredness and wicked freewill are the clay which must be subjected by the Grace of God. It is when we moisten such clay in penance (which is the work of Holy Spirit, gifted as God's grace through our will), and wash them in waters (First through Holy Baptism and wisely through the Baptism of tears which is the Holy Confession), we receive the gift of "seeing" Christ more clearly, nearly and dearly in our life proceedings. Seeing thus becomes a living testimony of our being in Christ. The blind man said - *"One thing I do know, that though I was blind, now I see"* (verse 25). To know the trivial conditions and drives which make us blind, is important in being renewed to "see" Christ.

2. Imitate the virtue of "Siloam" as Christ became the Siloam!

Lord Jesus said several times that He does the will of God the Father who "sent" Him. He is "the sent one" (John 4:34; 5:30; 6:38). He is the perfect Pool of Siloam in which we are washed and renewed. When Jesus said to the blind man- "Go, wash in the pool of Siloam, the man went and washed, and came home seeing." I wonder and for sure, he being blind, might have been led or guided by few friends or relatives or any noble person. The pool of Siloam is included in the process or action of healing. We live in a community. A community in which there are our friends and brethren gone astray and blinded spiritually. We as



the spiritual new born through the grace of Baptism and practice of penance (Holy Confession) are called to be Siloam- the spiritual guide, the faith ideals, who can lead and guide our lost and blind to the great spiritual pool none other than The Church? We all are the Siloam "the sent" ones with some purpose to partake in the earthly ministry of our Lord.

The virtue of "Siloam" is denying one's own will and reiterate in practice- the works of obedience. It is fulfilled through having the "mind of Christ" (Philippians 2:5). The virtue of Siloam helps us to continually "see" Christ and become like Christ. Just like any brooke joins a river and the river joins an ocean, the brooke and the river become a new identity inseparable from the Ocean; through the virtue of Siloam, we become the signs of Cross for many lost and blind, and exalt them to become the one Body of Christ - the Holy, Catholic and Apostolic Church!

Conclusion

The whole of the creation awaits Christ's Second Coming. The God Incarnate has blessed the human creation to "see" Him sacramentally. We ignore this sacramentality, if our eyes get smeared by the deceiving colors of this consumeristic world. What we direly need is penance by the Grace of God to moisten the clay of our self-centredness and wash us in the waters and tears of Sacraments! The integral realisation of seeing Christ occurs with the realisation of the unvalued "clay" (wicked things) in our life and washing it off with the tears of penance. This sacramentality of "seeing" Christ also gifts us the virtue of Siloam - to become "the sent one" in the bringing back the lost and the blind ones. The virtue of Siloam is to personify and exemplify Christ in this world full of sighted people who remain blind in their sin! Let us be able to "see" Christ Sacramentally. May God bless us.

❑



പരുമല ആശുപത്രിയുടെ എമർജൻസി മെഡിസിൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അത്യാധുനിക എമർജൻസി ഉപകരണങ്ങളുടെ ഉദ്ഘാടനം മാർച്ച് 22-ന് പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവായുടെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ മുൻ മന്ത്രി ജി. സുധാകരൻ നിർവഹിച്ചു.



തിരുവനന്തപുരം ഭദ്രാസനത്തിൽ, വിശുദ്ധ വലിയ നോമ്പിനോടാനുബന്ധിച്ചുള്ള വൈദിക ധ്യാനം, തിരുവനന്തപുരം, ചിറ്റാഴ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്റെ അധ്യക്ഷതയിൽ കൂടിയ സംഗമത്തിൽ ഫാ. ഡോ. ജോർജ്ജി ജോസഫ് ധ്യാനത്തിന് നേതൃത്വം നൽകി. ഭദ്രാസനത്തിലെ എല്ലാ വൈദികരും സംഗമത്തിൽ സംബന്ധിച്ചു.



മർത്തമറിയ സമാജം മാവേലിക്കര മെത്രാസനത്തിന്റെ നോമ്പ് കാല കൂട്ടായ്മയും നേതൃസംഗമവും കായംകുളം കാദീശ ഓർത്തഡോക്സ് കത്തീഡ്രലിൽ എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് ഫാ. കോശി മാത്യു അദ്ധ്യക്ഷത വഹിച്ചു. വൈദിക സംഘം ജനറൽ സെക്രട്ടറി ഫാ. നൈനാൻ വി. ജോർജ് ക്ലാസ് നയിച്ചു.



ചേന്നങ്കരി സെന്റ് തോമസ് പള്ളിയിലെ മർത്തമറിയം സമാജം പ്രവർത്തകർ ആദ്യഫലങ്ങളും ഉപവാസമിച്ചവുമായി കോട്ടയം മെഡിക്കൽ കോളജിന്റെ സമീപമുള്ള കാരുണ്യനിലയം സന്ദർശിച്ചു.



അഡ്വ. ജോസഫ് ജോൺ വൈ.എം.സി.എ. നാഷണൽ ആർബിട്രേറ്റർ

വൈ.എം.സി.എ. നാഷണൽ ആർബിട്രേറ്ററും National Projects Committee ചെയർമാനുമായി തിരഞ്ഞെടുക്കപ്പെട്ട കേരള ലോയേഴ്സ് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ടും കേരള കോൺഗ്രസ് (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവുമായ അഡ്വ. ജോസഫ് ജോൺ.


തെരഞ്ഞെടുത്തു



വൈ എം സി എ ദേശീയ പാരിസ്ഥിതിക വിഭാഗം ചെയർമാനും ഹ്യൂമൻ റിസോഴ്സസ് വിഭാഗം വൈസ് ചെയർമാനും ആയി അഡ്വ. വി.സി സാബുവിനെ ചെന്നൈയിൽ ചേർന്ന ദേശീയ കൺവൻഷൻ തെരഞ്ഞെടുത്തു . കൂർത്തമല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗമാണ്. വൈ.എം.സി.എ സംസ്ഥാന ചെയർമാൻ , സംസ്ഥാന വൈസ് ചെയർമാൻ, സംസ്ഥാന ട്രഷറർ , കേരള യുവത ചീഫ് എഡിറ്റർ , കേരള യുവത മാനേജിങ് എഡിറ്റർ, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, തിരുവല്ല സബ് റീജിയൻ ചെയർമാൻ , കുമ്പനാട് വൈ.എം.സി.എ പ്രസിഡൻറ്, വിവിധ ദേശീയ സമിതി അംഗം, ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റി അംഗം എന്നീ മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള യുവത കോഡിനേറ്റിങ് എഡിറ്ററും ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റുമാണ്. മുൻ പബ്ലിക് പ്രോസിക്യൂട്ടറും ജില്ലാ NOTARYയുമാണ് .

നാലാൾ

സജി തേവർകാട്ടിൽ,
ഗാന്ധിനഗർ



കുഞ്ഞായ നാൾമുതല്കമ്മയോതും
സൂക്ഷിക്ക മോനെ നാലാളു കേട്ടാൽ-എന്തു തോന്നും.
അന്നാൾ മുതൽതന്നെ അച്ഛനും ചൊന്നു
നന്നായ് നടക്കണം നാലാളു കണ്ടാൽ-എന്തു തോന്നും

അന്നേ മുതൽക്കിന്നോളം ഞാനലഞ്ഞു
ആരാണീ നാലാളെന്ന് ഒന്നറിയാൻ
കണ്ടെത്താനായില്ല ദേവാലയങ്ങളിൽ
കേട്ടുകേഴ്വിപോലുമില്ല കൊട്ടകയിൽ

ഗ്രാമത്തിലാരാഞ്ഞു നഗരത്തിലാരാഞ്ഞു
നാൽക്കവയിലും പിന്നെ പഞ്ചായത്തിലും
പോലീസിൽ ചോദിച്ചു പത്രത്തിൽ നോക്കി ഞാൻ
കണ്ടെത്താനായില്ല ആ നാലാളിനെ

പിന്നെ പരതി ഞാൻ സത്യ വേദത്തിൽ
മാർക്കിൻറെ രണ്ടിലെ ഒന്നു തൊട്ടഞ്ചിൽ
കണ്ടു ഞാൻ ആ നാലാളിനെ പക്ഷപാതനൊപ്പം
കഫർന്നഹോമിലെ വീട്ടിനുള്ളിൽ

ആ നാലാളിൻ വിശ്വാസ തീക്ഷ്ണതയിൽ
യേശു തളർന്നൊരു മേനിയെ സൗഖ്യമാക്കി
അവരിലൊരാളാകാം ഞാനും നീയും പിന്നെ ഏതൊരാളും
നാമാ കർത്തൻറെ പാതയെ പിൻതുടർന്നാൽ



തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഭദ്രാസനത്തിലെ വൈദികരോടൊപ്പം.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറാർ, കേന്ദ്ര ജനറൽ സെക്രട്ടറി, നിരണം ഭദ്രാസന സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച ആദരണീയനായ കെ. എം. മാത്യു സാറിനെ പ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തിന്റെ വസതിയിൽ എത്തി ആദരിച്ചു.




കുന്നംകുളം പാറയിൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി നെപ്പൻസ് റോഡിൽ പുതുതായി നിർമിച്ച സെന്റ് മേരീസ് കുരിശുപള്ളി കൂദാശ ഡോ. ഗീവർഗീസ് മാർ യൂലിയോസ് നിർവഹിച്ചു.



മലബാർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന നോമ്പുകാല ഭക്ഷണ വിതരണ പദ്ധതിയുടെ ഉദ്ഘാടനം കോഴിക്കോട് ബീച്ച് ഹോസ്പിറ്റലിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന യുവജനപ്രസ്ഥാനം ഭാരവാഹികൾ നേതൃത്വം നൽകി. തുടർന്നുള്ള ദിവസങ്ങളിൽ മേഖല തലങ്ങളിലും യൂണിറ്റ് തലങ്ങളിലും വിവിധ ഇടങ്ങളിൽ ഭക്ഷണ വിതരണം നടത്തപ്പെടും.

പോളണ്ടിൽ വിശുദ്ധ കുർബാന

പോളണ്ട്: യുകെ-യൂറോപ്പ് & ആഫ്രിക്ക ഭദ്രാസനത്തിൽപ്പെട്ട പോളണ്ടിൽ വച്ച് ദൈവമാതാവിന്റെ വചനിപ്പ് പെരുന്നാൾ കൊണ്ടാടി. പോളണ്ടിന്റെ തലസ്ഥാനമായ വാർസ്സോയിൽ വച്ച് നടന്ന വിശുദ്ധ കുർബാനയ്ക്ക് ഭദ്രാസനത്തിനുവേണ്ടി ജർമ്മനിയിലെ ബിലെഫെൽഡ് സെൻറ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക വികാരി ഫാ. തോമസ് എബ്രഹാം മുഖ്യ കാർമികത്വം വഹിച്ചു. പോളണ്ടിലെ വിവിധ ഇടങ്ങളിൽ നിന്ന് വിദ്യാർത്ഥികളും കുടുംബങ്ങളും ഉൾപ്പെടെ അനേകം വിശ്വാസികൾ ആരാധനയിൽ സംബന്ധിച്ചു. യുകെ-യൂറോപ്പ് & ആഫ്രിക്ക ഭദ്രാസന കൗൺസിൽ അംഗം ജോൺ മാത്യു (ഐർലന്റ്) റോഷിൻ മാത്യു (+48729327429), ശ്രീ. റുവേൽ മാത്യു (+96599533198)എന്നിവർ നേതൃത്വം നൽകി.



ഫിലോക്കാലിയ

ഫിലോക്കാലിയ ഉൾപ്പെടെയുള്ള ആത്മീയ ഗ്രന്ഥങ്ങൾ ആവശ്യമുള്ള ആശ്രമങ്ങൾ, മഠങ്ങൾ, പ്രീസ്റ്റ് ഹൗസുകൾ, ലൈബ്രറികൾ, മറ്റ് ആത്മീയകേന്ദ്രങ്ങൾ എന്നിവയുടെ ചുമതലപ്പെട്ടവർ താഴെപ്പറയുന്ന അഡ്രസ്സിൽ ബന്ധപ്പെടുക. പുസ്തകങ്ങൾ സൗജന്യമായി എത്തിച്ചു കൊടുക്കുന്നതാണ്.

Cherian Eapen,
St. Mary's Boys Home,
Thalakode P. O.
Mulamthuruthy,
Ernakulam
PIN 682314
Phone: 91 8589862740
Email:
roycherianji@gmail.com

ഓർമ്മചിത്രം



1993ൽ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ദ്വിശതാബ്ദി സമ്മേളനം ചങ്ങനാശേരി ആർച്ച്ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ ഉദ്ഘാടനം ചെയ്തപ്പോൾ. ഫാ. ജോൺ ദാനിയേൽ, തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത, ഉമ്മൻചാണ്ടി, പ്രൊഫ. പി. ജെ. കുര്യൻ, തോമസ് കുതിരവട്ടം, മാമ്മൻ ഐപ്പ് എന്നിവർ സമീപം.



Ecumenical St. Patrick's Day service at St. Patrick's Cathedral by Dublin Council of Churches led by Archbishop Michael Jackson & Archbishop Dermot Farrell. Fr. Dr. Abraham Koshy Kunnumpurathu, Vicar St Thomas Indian Orthodox Church Dublin, Ireland delegated Indian Orthodox Church.



ചെങ്ങന്നൂർ ഭദ്രാസന കൗൺസിൽ അംഗങ്ങൾ

ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ 25.03.2023-ൽ ബഥേൽ അരമനയിൽ നടന്ന ചെങ്ങന്നൂർ ഭദ്രാസന പൊതുയോഗത്തിൽ ഭദ്രാസനത്തിന്റെ 2023-2028 ലേക്ക് പുതിയ കൗൺസിൽ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു.

ഭദ്രാസന സെക്രട്ടറി: ഫാ. പി. കെ. കോശി

കൗൺസിൽ അംഗങ്ങൾ: ഫാ. ഡോ. ഫിലിക്സ് യോഹന്നാൻ (ജനറൽ വിഭാഗം), ഫാ. മത്തായി സഖറിയാ (ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ്), ബാബു അലക്സാണ്ടർ (പുത്തൻകാവ് ഡിസ്ട്രിക്റ്റ്), റെജി ജോർജ്ജ് (ഇടവങ്കാട് ഡിസ്ട്രിക്റ്റ്) എബി കെ. ആർ. (പന്തളം ഡിസ്ട്രിക്റ്റ്), റ്റി. വി. വർഗ്ഗീസ് (ഉമയാറ്റുകര ഡിസ്ട്രിക്റ്റ്).



ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. പി. കെ. കോശി



കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയുടെ ആഭിമുഖ്യത്തിൽ കാതോലിക്കാ ദിനം ആഘോഷിച്ചു. വി. കുർബ്ബാനയ്ക്ക് ശേഷം ഇടവകയുടെ അബ്ബാസിയ സെന്റ് ബസേലിയോസ് ചാപ്പൽ, സാൽമിയ സെന്റ് മേരീസ് ചാപ്പൽ എന്നിവിടങ്ങളിൽ നടന്ന ചടങ്ങുകൾക്ക് കല്ക്കത്താ ഭദ്രാസന ഇടയൻ അലക്സിയോസ്മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, ഇടവക വികാരി ഫാ. ലിജു കെ. പൊന്നച്ചൻ, സഹവികാരി ഫാ. ഡോ. ബിജു പാറയ്ക്കൽ എന്നിവർ കാർമ്മികത്വം വഹിച്ചു.

ജോജി തോമസ് എം.ജി. സെനറ്റ് അംഗം

മഹാത്മാഗാന്ധി സർവ്വകലാശാല സെനറ്റ് ഇലക്ഷനിൽ കോളജ് മാനേജർമാരുടെ മണ്ഡലത്തിൽ നിന്നും ഏറ്റവും കൂടുതൽ വോട്ടുകൾ നേടി വിജയിച്ച കോട്ടയം കങ്ങഴ ഗ്രിഗോറിയൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ചെയർമാനും, തുമ്പമൺ ഭദ്രാസനത്തിൽ നിന്നുമുള്ള സഭാ മാനേജിംഗ് കമ്മിറ്റി അംഗവുമായ ജോജി തോമസ്.





STOC- സൗഹൃദത്തിന്റെ ആഭിമുഖത്തിൽ പരിശുദ്ധ തോമ്മാശ്ലീഹായുടെ പാദസ്പർശത്താൽ അനുഗ്രഹീതമായ നിരണം തോമ്മത്ത് കടവ് ധ്യാന മന്ദിരത്തിൽ വെച്ച് വലിയനോമ്പോടനുബന്ധിച്ചുള്ള ധ്യാനം നടന്നു. സഖറിയ പനയ്ക്കാമറ്റം കോറെപ്പിസ്കൊപ്പാ ഫിലിപ്പ്യ ലേഖനത്തെ ആസ്പദമാക്കി ധ്യാന പ്രസംഗം നടത്തി.



കോട്ടയം യാക്കോബായ സിംഹാസന പള്ളി വികാരി അന്തരിച്ച ഏബ്രഹാം ജോൺ കോർഎപ്പിസ്കോപ്പായ്ക്ക് കോട്ടയം പുത്തൻ പള്ളിയിൽ നൽകിയ വിട വാങ്ങൽ. ഇരു വിഭാഗങ്ങളിലെയും വൈദികർ ഒരുമിച്ച് അച്ചന് യാത്രഅയപ്പ് നൽകി.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

- പ. വട്ടശ്ശേരിൽ തിരുമേനി



നിരണം, വടക്കുംഭാഗം ശക്തിമംഗലം എം.ഡി. എൽ.പി. സ്കൂളിന്റെ 102-ാമത് സ്കൂൾ വാർഷികവും, രക്ഷാകർത്തൃ ദിനവും, പൂർവ്വ വിദ്യാർത്ഥി സംഗമവും കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസിന്റെ അധ്യക്ഷതയിൽ നടന്നു.

പരുമല ആശുപത്രിയിൽ ശസ്ത്രക്രിയ കൂടാതെയുള്ള ഹൃദയ വാൽവ് മാറ്റിവയ്ക്കൽ നടത്തി

തിരുവല്ല: ശസ്ത്രക്രിയ കൂടാതെയുള്ള ഹൃദയ വാൽവ് മാറ്റിവയ്ക്കലിനൊപ്പം പേസ്മേക്കറും 74 വയസ്സുള്ള രോഗിയിൽ വിജയകരമായി പൂർത്തീകരിച്ച് പരുമല ആശുപത്രി.

ഹൃദയത്തിന്റെ പ്രധാന വാൽവായ അയോട്ടിക് വാൽവിന്റെ ചുരുക്കം (അയോട്ടിക് സ്റ്റെനോസിസ്) സർജറി കൂടാതെ, കാലിലെ രക്തക്കുഴലിലൂടെ മാറ്റിവയ്ക്കുന്ന TAVR (ട്രാൻസ് കത്തീറ്റർ അയോട്ടിക് വാൽവ് റീപ്ലേസ്മെൻറ്) ചികിത്സ അഞ്ചാം തവണയും പരുമല ആശുപത്രിയിൽ വിജയകരമായി പൂർത്തീകരിച്ചു. അധിക പ്രായം മൂലമോ മറ്റ് അസുഖങ്ങൾ കാരണമോ ശസ്ത്രക്രിയയ്ക്ക് റിസ്ക് കൂടുതലുള്ള രോഗികൾക്കാണ് ഇത് കൂടുതൽ ഫലപ്രദമാകുന്നത്.

കാർഡിയോളജി വിഭാഗം മേധാവി ഡോക്ടർ മഹേഷ് നളിൻ കുമാർ, സീനിയർ കാർഡിയോളജിസ്റ്റുകൾ ആയ ഡോക്ടർ ജോർജ് കോശി, ഡോക്ടർ സാജൻ അഹമ്മദ്, ഡോക്ടർ അരുൺ കുമാർ എന്നിവരുടെ നേതൃത്വത്തിൽ ഡോക്ടർ രാജഗോപാൽ, ഡോക്ടർ ആശിഷ് കുമാർ, ഡോക്ടർ അജിത് സണ്ണി എന്നിവരും അടങ്ങിയ മെഡിക്കൽ ടീം. 74 വയസ്സുള്ള സ്ത്രീയിൽ ഹൃദയമിടിപ്പ് കുറവ് പരിഹരിക്കാനുള്ള പേസ്മേക്കർ ചികിത്സയ്ക്കൊപ്പം വാൽവ് മാറ്റിവയ്ക്കൽ നടത്തിയത്. ഹൃദയത്തിന്റെ രക്തധമനിയെ സംരക്ഷിച്ചുകൊണ്ടുള്ള പ്രത്യേക മുൻകരുതലുകൾ എടുത്താണ് സങ്കീർണമായ ഈ ചികിത്സ നടത്തപ്പെട്ടത്.

വിദേശരാജ്യങ്ങളിലും മറ്റും ലഭ്യമാകുന്ന ഇത്തരത്തിലുള്ള അത്യാധുനിക ഇന്റർവെൻഷണൽ ചികിത്സകൾ കുറഞ്ഞ ചിലവിൽ നമ്മുടെ നാട്ടിലെ രോഗികൾക്ക് ലഭ്യമാക്കുക എന്നതാണ് പരുമല കാർഡിയോളജിയുടെ ലക്ഷ്യമെന്ന് എന്ന് ആശുപത്രി സി.ഇ.ഒ. ഫാ. എം. സി. പൗലോസ് അറിയിച്ചു.



OCYM PSC CELL രൂപീകരിച്ചു

ചെങ്ങന്നൂർ: ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പി.എസ്.സി. സെല്ലിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് പ്രഥമ യോഗം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തിമോത്തിയോസിന്റെ അധ്യക്ഷതയിൽ ബഥേൽ അരമനയിൽ വെച്ച് കൂടി. നാട്ടിലെ സർക്കാർ ജോലിയും, സാധ്യതകളെക്കുറിച്ചും നാം കൂടുതൽ ബോധവാന്മാരാകണമെന്നും കിട്ടുന്ന അവസരങ്ങൾ കഠിനാധ്വാനത്തോടെ പഠിച്ച് പിഎസ്സി പരീക്ഷ എഴുതി നാട്ടിൽ തന്നെ തൊഴിൽ കണ്ടെത്താൻ ശ്രമിക്കണമെന്നും മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു.



കുന്നംകുളം ഭദ്രാസന ഇടയൻ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് വലിയ നോമ്പിനോടനുബന്ധിച്ച് നടത്തുന്ന ദേവാലയ സന്ദർശനത്തോടനുബന്ധിച്ച് 23-03-2023 വ്യാഴാഴ്ച എരുമപ്പെട്ടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ എത്തി സന്ധ്യാ നമസ്ക്കാരത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു. കുന്നംകുളം ഭദ്രാസനത്തിലെ ഏറ്റവും ചെറിയ ഇടവകയാണ് 14 കുടുംബങ്ങൾ മാത്രമുള്ള എരുമപ്പെട്ടി സെന്റ് ജോർജ്ജ് ഇടവക. ഇടവകക്കാരോടൊപ്പം വളരെയധികം സമയം ചിലവഴിച്ച മെത്രാപ്പോലീത്താ ഏപ്രിൽ 01-ന് ലാസ്സറിന്റെ ശനിയാഴ്ച വി. കുർബാന അർപ്പിക്കാമെന്ന വാക്ക് നൽകിയാണ് മടങ്ങിയത്.



തിരുനക്കര മഹാദേവ ക്ഷേത്രത്തിലെ ആറാട്ട് എഴുന്നള്ളിപ്പിന് കോട്ടയം പുത്തനങ്ങാടി കുരിശുപള്ളിയിൽ പാരമ്പര്യപ്രകാരം സ്വീകരണം നൽകി.